മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ

MALANKARA ORTHODOX SYRIAN CHURCH

Vol. 07 No. 09 | THE ONLINE OFFICIAL NEWS BULLETIN | 2024 February 25

മാർത്തോമ്മൻ പൈതൃക സംഗമം പ്രത്യേക പതിപ്പ്



മാർത്തോമ്മൻ പൈതൃക സംഗമം ഇന്ന് കോട്ടയത്ത്

കോട്ടയം: ‘മാർത്തോമ്മൻ പൈതൃക സംഗമം’ മഹാസമ്മേളനം ഇന്ന് 4 മണിക്ക് നെഹ്റു സ്റ്റേഡിയത്തിൽ നടക്കും. കോട്ടയം എം.ഡി സെമിനാരി മൈതാനിയിൽ നിന്ന് മാർത്തോമൻ പൈതൃക റാലി 3 മണിക്ക് ആരംഭിക്കും.

കേരളാ ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, ഗോവാ ഗവർണർ പി. എസ്. ശ്രീധരൻപിള്ള, മന്ത്രി വി. എൻ. വാസവൻ, മന്ത്രി വീണ ജോർജ്, കോട്ടയം എം.എൽ.എ. തിരുവഞ്ചൂർ രാധാകൃഷ്ണൻ, പുതുപ്പള്ളി എം.എൽ.എ. ചാണ്ടി ഉമ്മൻ എന്നിവർ വിശിഷ്ടാതിഥികൾ ആയിരിക്കും. കൂടാതെ ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ പ്രതിനിധികളും ചടങ്ങിൽ പങ്കെടുക്കും.



മാർത്തോമ്മൻ പൈതൃക സംഗമത്തിന് പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ പതാക ഉയർത്തുന്നു. ഡോ. യൂഹാനോൻ മാർ ദിയസ്കോറോസ്, വൈദികട്രസ്റ്റി ഫാ. ഡോ. തോമസ് വർഗീസ് അമയിൽ, അസോസിയേഷൻ സെക്രട്ടറി അഡ്വ. ബിജു ഉമ്മൻ എന്നിവർ സമീപം.



പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ നവതി ഓർമ്മപ്പെരുന്നാളിന് പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ മുഖ്യ കാർമ്മികത്വം വഹിച്ചു.



മാർത്തോമൻ പൈതൃക സംഗമത്തോട് അനുബന്ധിച്ചുള്ള വിളംബര ജാഥയുടെ പതാക പ. കാതോലിക്കാ ബാവ കോട്ടയം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. യൂഹാനോൻ മാർ ദിയസ്കോറോസിന് കൈമാറുന്നു. എൻ. കെ. പ്രേമചന്ദ്രൻ എം.പി. വിളംബര ജാഥ ഉദ്ഘാടനം ചെയ്തു.




Published by Dr. Yuhanon Mar Diascoros Metropolitan on behalf of MOSC Media Department

അഭിമുഖം

മലങ്കരസഭയുടെ നിരവധി ചരിത്രമുഹൂർത്തങ്ങൾക്ക് വേദിയായ കോട്ടയം എം.ഡി. സെമിനാരിയിൽ, 2024 ഫെബ്രുവരി 25–ാം തീയതി മാർത്തോമ്മൻ പൈതൃകസംഗമം സംഘടിപ്പിക്കുകയാണ്. ഇന്ത്യയുടെ അപ്പോസ്തോലനായ മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950–ാം ഓർമ്മയും, സഭാഭാസുരൻ പരി. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ ചരമനവതിയും 'മഹാത്ഭുതം' എന്നു ഇന്ത്യയുടെ പരമോന്നത നീതിപീഠം വിശേഷിപ്പിച്ച സഭാഭരണഘടനയുടെ നവതിയും സംയുക്തമായി ആചരിക്കുന്ന വേളയിൽ മലങ്കരസഭയുടെ പരമാദ്ധ്യക്ഷൻ പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവായുമായി ഡോ. തോമസ് കുരുവിള നടത്തിയ അഭിമുഖം.

മാർത്തോമ്മൻ പൈതൃകം നമ്മുടെ അഭിമാനം



ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ

? 2024 ഫെബ്രുവരി 25–ന് നടക്കുന്ന മാർത്തോമ്മൻ പൈതൃക സംഗമത്തിന്റെ പ്രാധാന്യമെന്താണ്?

മലങ്കരസഭയുടെ മാർത്തോമ്മൻ പൈതൃകം എ.ഡി. ഒന്നാം നൂറ്റാണ്ടുമുതൽ ഇന്നുവരെയും സഭ കൈവിടാതെ സൂക്ഷിക്കുന്ന ഒരു ഉപനിധിയാണ്. ഈ സഭയുടെ തനിമയും സാക്ഷ്യവും സ്വാതന്ത്ര്യവും എല്ലാം ഇതിലടങ്ങിയിരിക്കുന്നു. ലോകത്തിലെ എല്ലാ ക്രൈസ്തവസഭകൾക്കും കർത്തൃശിഷ്യന്മാരിൽ നിന്നു നേരിട്ടോ, അവരുടെ ശിഷ്യന്മാർ മുഖാന്തിരമോ ലഭിച്ചിട്ടുള്ള ശ്ലൈഹികപാരമ്പര്യം മലങ്കരസഭയ്ക്കും ലഭിച്ചിട്ടുണ്ട്. മലങ്കരസഭയുടെ പൗരാണികത്വം വിളിച്ചറിയിക്കുന്ന ഒരു അനുക്രമവാക്യമാണ് നസ്രാണികൾ എന്നുള്ളത്. കൊച്ചിയിൽ താമസിച്ചിരുന്ന യഹൂദന്മാരിൽ നിന്ന് കുറെപ്പേർ ക്രിസ്ത്യാനികളായപ്പോൾ ആ യഹൂദക്രിസ്ത്യാനികളെ മറ്റ് യഹൂദന്മാർ വിളിച്ച പേരാണ് നസ്രാണികൾ എന്നുള്ളത് സുവിദിതമാണ്. അങ്ങനെ മലങ്കര നസ്രാണികൾ മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യത്തിൽ ഊറ്റം കൊള്ളുന്നവരാണ്. മാർത്തോമ്മൻ ക്രിസ്ത്യാനികളുടെ അതിപുരാതനമായ പാരമ്പര്യവും ജീവിതശൈലിയും മനസ്സിലാക്കിക്കൊണ്ടാണല്ലോ ഏഷ്യയിൽ സാപ്പോർ ദ്വിതീയന്റെ 4–ാം നൂറ്റാണ്ടിലെ പീഡനങ്ങൾ സഹിക്കവയ്യാതെ പലായനം ചെയ്ത ക്രിസ്ത്യാനികൾ മലബാർ തീരത്ത് വന്നെത്തിയത്. അവർ കൊണ്ടുവന്ന പാശ്ചാത്യസുറിയാനി ഭാഷയും ആരാധനാക്രമങ്ങളും തദ്ദേശീയ ക്രിസ്ത്യാനികൾക്ക് ഉൾക്കൊള്ളുവാൻ കഴിഞ്ഞത് മാർത്തോമ്മാ ശ്ലീഹായിൽ നിന്നും ലഭിച്ച താദൃശമായ ഒരു സുറിയാനി പാരമ്പര്യം അതിന്റെ പ്രാഗ്രൂപത്തിൽ ഇവിടെ നിലനിന്നിരുന്നുവെന്നതുകൊണ്ടാണ്. പിന്നീടുവന്ന പോർട്ടുഗീസ് മിഷനറിമാരും ഇംഗ്ലീഷ് മിഷനറിമാരും മാർത്തോമ്മൻ പൈതൃകത്തെ തമസ്കരിച്ച് ലാറ്റിൻ–ആംഗ്ലിക്കൻ പാരമ്പര്യങ്ങൾ അടിച്ചേല്പിക്കുവാൻ ശ്രമിച്ചെങ്കിലും അത് മലങ്കര നസ്രാണികൾക്ക് ഉൾക്കൊള്ളുവാൻ സാധിച്ചില്ല എന്നു മാത്രമല്ല, അതിനെതിരെ ശക്തമായ നിലപാടെടുക്കുകയും ചെയ്തു. അത് പാശ്ചാത്യസുറിയാനി പാരമ്പര്യം ഇവിടെ വരുന്നതിനു മുമ്പുതന്നെയാണ്. 1653–ൽ കൂനൻകുരിശ് സത്യം നടക്കുമ്പോൾ പാശ്ചാത്യസുറിയാനി സഭാപാരമ്പര്യത്തെക്കുറിച്ച് മലങ്കര നസ്രാണികൾക്ക് അറിവില്ല. അതിനെപ്പറ്റി അല്പമെങ്കിലും പരിചയം വന്നത് 1665–ലെ പാശ്ചാത്യ സുറിയാനി പാരമ്പര്യം ഇവിടെ പരിചയപ്പെടുത്തിയതോടു കൂടിയാണ്. 1653–ൽ വാഴിക്കപ്പെട്ട മാർത്തോമ്മാ ഒന്നാമൻ 1665–ൽ മലങ്കരയിലേക്ക് ഒരു മെത്രാനെ ലഭിക്കുന്നതിന് ബാബിലോൺ, അന്ത്യോഖ്യാ, അലക്സാൻഡ്രിയ പാത്രിയർക്കീസുമാരോട് അഭ്യർത്ഥിച്ചപ്രകാരം ഡയർബക്കറിലുള്ള അന്ത്യോഖ്യാ സിറിയൻ ഓർത്തഡോക്സ് സഭയുടെ യേശുശലേം മെത്രാനായിരുന്ന മാർ ഗ്രീഗോറിയോസിനെ അന്ത്യോഖ്യാ പാത്രിയർക്കീസായിരുന്ന അബ്ദുൾ മശിഹാ ഒന്നാമൻ മലങ്കരയിലേക്കയച്ചു. അങ്ങനെയാണ് മലങ്കര അന്ത്യോഖ്യൻ ബന്ധത്തിന് തുടക്കമായത്. ഈ ബന്ധം തുടർന്നുവെങ്കിലും 1808–ലെ കണ്ടനാട് പടിയോലയോടു കൂടിയാണ് പാശ്ചാത്യ സുറിയാനി സഭാപാരമ്പര്യമനുസരിച്ചുള്ള ആരാധനാക്രമങ്ങൾ മലങ്കരസഭ ഉപയോഗിച്ചു തുടങ്ങിയത്. പാശ്ചാത്യ സുറിയാനിസഭാപാരമ്പര്യം മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പാരമ്പര്യത്തെ തമസ്കരിച്ച് പ. പത്രോസ് ശ്ലീഹായുടെ അന്ത്യോഖ്യൻ പാരമ്പര്യത്തെ ഉയർത്തിക്കാട്ടുവാൻ ശ്രമിച്ചുവെങ്കിലും നാളിതുവരെ അവർക്ക് അതിൽ വിജയിക്കുവാൻ കഴിഞ്ഞില്ല. മാർത്തോമ്മാ ഒന്നാമൻ മുതൽ പത്താമൻവരെ മാർത്തോമ്മാശ്ലീഹായുടെ ശ്ലൈഹിക പാരമ്പര്യത്തിൽ തുടർന്നു. 1817–ൽ മലങ്കരസഭയുടെ 11–ാമത് മലങ്കര മെത്രാപ്പോലീത്താ ആയി കോട്ടയം പുന്നത്ര കുര്യൻ റമ്പാനെ മലങ്കര സ്വതന്ത്ര സുറിയാനി സഭയുടെ അധ്യക്ഷൻ കിടങ്ങൻ ഗീവർഗീസ് മാർ പീലക്സീനോസ് രണ്ടാമൻ കോട്ടയം ചെറിയ പള്ളിയിൽ വെച്ച് വാഴിച്ചത് മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിന്റെ പിൻഗാമിയായിട്ടാണ്. മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ പാരമ്പര്യത്തിന്റെ സ്വതന്ത്രനിലപാട് 1889–ലെ റോയൽകോർട്ട് വിധി മുഖാന്തിരം സ്ഥാപിക്കപ്പെട്ടു. 1912–ലെ കാതോലിക്കേറ്റിന്റെ സ്ഥാപനത്തോടുകൂടെ മലങ്കരസഭയിൽ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിലായിരിക്കുന്ന പൗരസ്ത്യ കാതോലിക്കാ എന്ന സ്ഥാനം ഒന്നാം കാതോലിക്കാ പ. പൗലോസ് പ്രഥമൻ ബാവായ്ക്ക് അബ്ദുൾ മശിഹാ രണ്ടാമൻ പാത്രിയർക്കീസ് നല്കിയതോടെ മലങ്കര നസ്രാണി

കളുടെ മാർത്തോമ്മൻ പൈതൃകത്തിന്റെ ആത്മീയവും ലൗകികവുമായ സ്വതന്ത്ര പ്രഖ്യാപനമാണ് ഉണ്ടായത്. മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പൈതൃകം ലോകത്തിലെ മറ്റെല്ലാ സഭകളെയുംപോലെ സർവ്വസ്വതന്ത്രമായി നിലനിന്നതിന്റെ പരസ്യമായ ഒരു അംഗീകരണമാണ് ഇതിൽക്കൂടി വ്യക്തമാകുന്നത്. ഇന്ന് ലോകസമൂഹവും നീതിന്യായക്കോടതികളും സർവ്വാത്മനാ അംഗീകരിച്ച് ഉറപ്പിച്ചിരിക്കുന്ന സത്യമാണ് ഇത്. മാർത്തോമ്മാ ശ്ലീഹായുടെ രക്തസാക്ഷിത്വത്തിന്റെ 1950-ാം വാർഷികം ഇപ്രകാരം മലങ്കര നസ്രാണികൾ സാഭിമാനം ആചരിക്കുകയാണ്.

? മലങ്കരസഭാഭാസുരൻ പരി. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ് തിരുമേനിയുടെ ചരമനവതിയും ഇതോടൊപ്പം ആചരിക്കുകയാണ്. മലങ്കരസഭയുടെ സ്വാതന്ത്ര്യപ്പോരാട്ടത്തിൽ പ. വട്ടശ്ശേരിൽ തിരുമേനിക്കുള്ള പങ്ക് അനുസ്മരിക്കാമോ?

മലങ്കരസഭയുടെ സ്വാതന്ത്ര്യപ്പോരാട്ടത്തിൽ മരണത്തെ മുഖാമുഖം കണ്ട മലങ്കരസഭയുടെ വലിയ പിതാവാണ് പ. വട്ടശ്ശേരിൽ മാർ ദിവന്നാസ്യോസ്. പ്രതിസന്ധിഘട്ടങ്ങളെ തരണം ചെയ്യുന്നതിന് അസാമാന്യമായ ആത്മീയ ശക്തിയും ബുദ്ധിവൈഭവവും കർമ്മകുശലതയും ഈ

പിതാവ് പ്രകടമാക്കി. 1909 മുതൽ 1934 വരെ മലങ്കര മെത്രാപ്പോലീത്ത എന്ന സ്ഥാനത്തിൽ മലങ്കരസഭയെ സുധീരം നയിച്ച പിതാവാണ് പരി. വട്ടശ്ശേരിൽ തിരുമേനി. ആ പിതാവിന്റെ 90-ാം ചരമവാർഷികം നാം ആചരിക്കുമ്പോൾ മലങ്കരസഭയെ ഉറ്റുസ്നേഹിക്കുന്ന ആരുടെയും രക്തം തിളയ്ക്കും, രോമാഞ്ചം കൊള്ളും. മുടക്കിന്റെ അർത്ഥശൂന്യതയും നീതിരാഹിത്യവും തിരിച്ചറിഞ്ഞ മലങ്കരസഭ ആ പിതാവിനു പിന്നിൽ പാറപോലെ ഉറച്ചു

നിന്നത് വട്ടശ്ശേരിൽ തിരുമേനിയിലുള്ള വിശ്വാസം കൊണ്ടുമാത്രമാണ്. എങ്കിലും മലങ്കരസഭയുടെ ശാശ്വതസമാധാനത്തിനുവേണ്ടി ഭൂമിയോളം താഴുവാൻ ശ്രമിച്ച അദ്ദേഹത്തെ ചവിട്ടിത്താഴ്ത്താൻ ശ്രമിച്ചവർക്ക് 1928-ലെ ഹൈക്കോടതി വിധി തിരിച്ചടിയായി. മലങ്കരസഭയുടെ സകലസ്വത്തുക്കളും മലങ്കര മെത്രാപ്പോലീത്താ ആയ വട്ടശ്ശേരിൽ തിരുമേനിയുടെ ഉടമസ്ഥതയിൽ വന്നു. അദ്ദേഹത്തിന്റെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനം അസന്നിഗ്ദ്ധമായി കോടതി അംഗീകരിച്ചു. 1889-ലെ റോയൽ കോടതി വിധിയും 1928-ലെ ഹൈക്കോടതി വിധിയും മലങ്കരസഭയുടെ മാർത്തോമ്മൻ പൈതൃകത്തെ ഉറപ്പിക്കുന്നതാണ്. പരി. വട്ടശ്ശേരിൽ തിരുമേനി മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന കാലത്തുതന്നെ മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢരായിരിക്കുന്ന 3 കാതോലിക്കാമാരെ വാഴിക്കുവാനും, അതിൽ രണ്ടും മൂന്നും കാതോലിക്കാമാരുടെ സ്ഥാനാരോഹണത്തിൽ മലങ്കരസഭയുടെ സുന്നഹദോസ് അധ്യക്ഷൻ എന്ന നിലയിൽ പ്രധാന കാർമ്മികത്വം വഹിക്കാനും കഴിഞ്ഞത് ആ പിതാവിനു ലഭിച്ച വലിയ ഭാഗ്യമാണ്. 1928 ഓഗസ്റ്റ് 15-ാം തീയതി പ. വട്ടശ്ശേരിൽ തിരുമേനിയുടെ അധ്യക്ഷതയിൽ കൂടിയ മാനേജിങ് കമ്മറ്റി മലങ്കരസഭയ്ക്ക് ഒരു ഭരണഘടന ഉണ്ടാക്കുവാൻ റാവു സാഹിബ് ഒ.എം. ചെറിയാന്റെ നേതൃത്വത്തിൽ ഒരു സബ്കമ്മറ്റി രൂപീകരിച്ച് സഭയുടെ വ്യവസ്ഥാപിതയാത്രയ്ക്ക് ആരംഭം കുറിച്ചു. പരി. വട്ടശ്ശേരിൽ തിരുമേനിയുടെയും മൂന്നാം കാതോലിക്കാ ആയിരുന്ന പ. ഗീവർഗീസ് ദ്വിതീയൻ ബാവായുടെയും ആറു വർഷത്തെ അശ്രാന്ത പരിശ്രമത്തിന്റെ പരിപൂർത്തി കണ്ടതിനുശേഷമാണ് 1934 ഫെബ്രുവരി 23-നു ആ പിതാവ് ദൈവസന്നിധിയിലേക്ക് യാത്രയായത്.

അദ്ദേഹത്തിന്റെ കബറിടത്തിൽ പ. ഗീവർഗീസ് ദ്വിതീയൻ ബാവാ ആലേഖനം ചെയ്ത ആപ്തവാക്യം ചരമനവതിവർഷത്തിലും അന്വർത്ഥമാകുകയാണ് : 'Time will not Dim his glory."

? മലങ്കരസഭാഭരണഘടന നിലവിൽ വന്നതിന്റെ നവതിവർഷം കൂടിയാണ് ഇത്. മലങ്കരസഭാ ഭരണഘടനയ്ക്കുള്ള അനന്യത എന്താണ്?

ലോകത്തിൽ പുരാതന സഭകൾക്കെല്ലാം ഒരു ഭരണഘടന ഉണ്ടാകുന്നതിനു മുമ്പ് 1934-ൽ വ്യവസ്ഥാപിതമായ ഒരു ഭരണഘടന നിലവിൽ വന്നത് മലങ്കര സഭയ്ക്കാണ്. ബ്രിട്ടീഷ് ഭരണത്തിൻകീഴിൽ നിലനിന്നിരുന്ന ഇന്ത്യാ മഹാരാജ്യത്തിനു പോലും ഒരു സ്വതന്ത്രമായ ഭരണഘടന ഉണ്ടാകുന്നത് 1949-ൽ മാത്രമാണ്. ഇത് മലങ്കര നസ്രാണികൾക്ക് എന്നും അഭിമാനിക്കാവുന്ന സത്യമാണ്. മലങ്കരസഭയുടെ പ്രബുദ്ധരായ നേതാക്കന്മാർ-മെത്രാന്മാരും വൈദികരും അല്മായക്കാരും - ഒത്തുചേർന്ന് രൂപംകൊടുത്ത്, 1934 ഡിസംബർ 26-ാം തീയതി കോട്ടയം എം.ഡി. സെമിനാരിയിൽ കൂടിയ മലങ്കര സുറിയാനി




ഭരണഘടന നിലവിൽ വന്നതിന്റെ 90-ാം വാർഷികമാണ് നാം ഇത്തരുണത്തിൽ ആഘോഷിക്കുന്നത്. ഇതെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നത് മാർത്തോമ്മൻ പൈതൃകവും പരി. വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വവും മലങ്കരസഭാ ഭരണഘടനയുടെ അംഗീകരണവും ഇല്ലാത്തവർക്ക് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ സ്ഥാനമില്ല എന്നാണ്.

ക്രിസ്ത്യാനി അസോസിയേഷൻ പാസാക്കിയതു മുതൽ മലങ്കരസഭയുടെ ആത്മീയവും ലൗകികവുമായ ഭരണക്രമത്തിന് ഒരു ചട്ടക്കൂടുണ്ടായി. 1935 മുതൽ ഈ ഭരണഘടനയെ ചോദ്യംചെയ്ത് കോടതികളിൽ കേസുണ്ടായിട്ടും 1958, 1995, 2002, 2017 എന്നീ വർഷങ്ങളിലെ സുപ്രീംകോടതിവിധികൾ ഈ ഭരണഘടനയെ അവിതർക്കിതമായി സാധുതയുള്ളതായി പ്രഖ്യാപിച്ചു. ഇത് ഒരു 'Trtsu deed' അല്ലാത്തതിനാലും ഇത് സഭയുടെ ഭരണക്രമീകരണ (Scheme of admintsiration) ത്തിനുള്ളതായതിനാലും അത് രജിസ്റ്റർ ചെയ്യേണ്ട ആവശ്യം പോലും ഇല്ല എന്ന് 2017-ലെ സുപ്രീംകോടതി വിധിയിൽ പറഞ്ഞിരിക്കുന്നു. അതേസമയംതന്നെ മലങ്കരസഭ ഒരു ട്രസ്റ്റാണെന്നും ആ ട്രസ്റ്റിന്റെ ഭരണക്രമീകരണത്തിന് സമഗ്രമായി ക്രോഡീകരിക്കപ്പെട്ടിട്ടുള്ള വ്യവസ്ഥകളാണ് ഇതിൽ ഉൾപ്പെട്ടിരിക്കുന്നതെന്നും അതിന്റെ പരിധിയിൽ നിന്ന് മലങ്കരസഭയിലെ ഒരംഗത്തിനും മാറിനില്ക്കാൻ സാധ്യമല്ലെന്നും അങ്ങനെ മാറിനിന്നാൽ അവർ മലങ്കരസഭയുടെ ഭാഗമല്ലാതായിത്തീരും എന്നും സുപ്രീംകോടതി 2017-ൽ അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചത് അതിന്റെ അടിസ്ഥാനത്തിലാണ്. മലങ്കരസഭയിലെ ഏതാനുംപേർ ചേർന്ന് മറ്റൊരു സംഘടന ഉണ്ടാക്കുകയും 2002-ൽ ആ സംഘടനയ്ക്ക് ഒരു ഭരണഘടന ഉണ്ടാക്കുകയും ചെയ്തുവെങ്കിലും ആ ഭരണഘടന മലങ്കരസഭയെ സംബന്ധിച്ചിടത്തോളം അസാധുവാണെന്നും മലങ്കരസഭയിൽ അതിനു നിലനില്പില്ലെന്നും സുപ്രീംകോടതി വ്യക്തമാക്കി. ഈ ഭരണഘടന നിലവിൽ വന്നതിന്റെ 90-ാം വാർഷികമാണ് നാം ഇത്തരുണത്തിൽ ആഘോഷിക്കുന്നത്. ഇതെല്ലാം നമ്മെ ഓർമ്മിപ്പിക്കുന്നത് മാർത്തോമ്മൻ പൈതൃകവും പരി. വട്ടശ്ശേരിൽ തിരുമേനിയുടെ നേതൃത്വവും മലങ്കരസഭാ ഭരണഘടനയുടെ അംഗീകരണവും ഇല്ലാത്തവർക്ക് മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയിൽ സ്ഥാനമില്ല എന്നാണ്. ഈ അടിസ്ഥാനതത്വങ്ങളെ കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കുവാൻ മലങ്കരസഭാ മക്കൾക്കും സന്തതി പരമ്പരകൾക്കും ആചന്ദ്രതാരം ഇടയാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

❑

ലേഖനം



പൈതൃകങ്ങളും മാനവസംസ്കൃതിയും

ഫാ. ഡോ. കെ. എം. ജോർജ്

പൈതൃകം എന്ന വാക്കിന് "പിതാവിൽ നിന്ന് ലഭിക്കുന്നത്" എന്നർത്ഥമുണ്ട്. മരണശാസനത്തിലൂടെ നിയമാനുസൃതമായി ലഭിക്കുന്നതോ പാരമ്പര്യവശാൽ സിദ്ധിക്കുന്നതോ ആയതെല്ലാം പൈതൃകത്തിന്റെ വകുപ്പിൽപെടുന്നു. ഇപ്പറഞ്ഞത് അതിന്റെ ആക്ഷരികമായ അർത്ഥമാണ്. എന്നാൽ പൈതൃകം എന്ന വാക്ക് ഇപ്പോൾ ഭാഷയിൽ ധാരാളം ഉപയോഗിക്കുന്നത് രൂപകാലങ്കാരമായിട്ടാണ്. സംസ്കാരവും ചരിത്രവുമായി ബന്ധപ്പെടുത്തി, ഒരു സമൂഹത്തിന്റെ തനിമയും സ്വാതന്ത്ര്യവും സ്വത്വബോധവും സൂചിപ്പിക്കുവാൻ ഈ വാക്ക് പൊതുവെ ഉപയോഗിക്കപ്പെടുന്നുണ്ട്. പരമ്പരാഗതമായ സ്വത്ത്, അധികാരം, ശക്തി, കുടുംബമഹത്വം, താൻപോരിമ എന്നിവയൊക്കെ ഇതിലൂടെ സൂചിപ്പിക്കാം. അളവിൽ കവിഞ്ഞ് അതിൽ ഊറ്റംകൊണ്ട് പരനിന്ദയിലേക്കും സംഘർഷങ്ങളിലേക്കും പോകുന്നവരുമുണ്ട്.

മിക്ക ഭാഷകളിലും 'പൈതൃക'ശബ്ദത്തിൽ മാതാവും പിതാവും ഉൾപ്പെടുന്നുണ്ട് എന്നാണ് സങ്കൽപ്പം. എങ്കിലും ആധുനികകാലത്ത് തീവ്ര ഫെമിനിസ്റ്റുകൾ അത് പുരുഷനെ മാത്രം സൂചിപ്പിക്കുന്ന പദമാണെന്ന് വിമർശിക്കാറുണ്ട്. പിതൃശബ്ദം അധികാരത്തിന്റെയും ന്യായവിസ്താരത്തിന്റെയും ശിക്ഷാവിധിയുടെയും പ്രതീകമായി വ്യവഹരിക്കപ്പെടുമ്പോൾ മാതൃഭാവത്തിന്റെ സൂചനകളായ കരുതലും ആർദ്രതയും അനുരഞ്ജനവും നല്ല വേഴ്ചകളും അവഗണിക്കപ്പെടുന്നു എന്നതാണ് വിമർശനം. സമൂഹത്തിന്റെ സുസ്ഥിതിക്കും ജീവന്റെ തുടർച്ചയ്ക്കും മാതൃഭാവമാണല്ലോ പ്രധാനം.

ക്രിസ്തീയ പാരമ്പര്യത്തിൽ ദൈവത്തെ പിതാവായി യേശുക്രിസ്തു വിശേഷിപ്പിക്കുമ്പോൾ തന്നെ, തന്റെ പൈതൃകസ്വത്ത് ബലമായി ചോദിച്ചു വാങ്ങി, അതെല്ലാം മുച്ചൂടും മുടിച്ച് അഗതിയായി തിരിച്ചുവരുന്ന മുടിയൻപുത്രനെ മനസ്സലിവോടെ തിരികെ സ്വീകരിക്കുന്ന പിതാവിന് പരുഷമായ പിതൃഹൃദയമല്ല, ആർദ്രമായ മാതൃഹൃദയമാണ് നൽകുന്നത്. ദൈവം ഇങ്ങനെയുള്ള പിതാവാണ് എന്നർത്ഥം. ക്രിസ്തുവിന്റെ ഏകശരീരമെന്ന് അപ്പോസ്തോലന്മാർ വിശേഷിപ്പിക്കുന്ന സഭയ്ക്കും മാതൃസ്വഭാവമാണ് അവർ നൽകുന്നത്. വിശ്വാസികൾ അമ്മയായ സഭയുടെ മക്കളാണ്. അതുകൊണ്ട് സഹോദരങ്ങളായ മക്കൾ തമ്മിൽ വഴക്കും ഭിന്നതയുമുണ്ടായാൽ ഏറ്റവുമധികം ദുഃഖിക്കുന്നത് അമ്മയായ സഭയാണ്. പിതൃ-മാതൃ ഭാവങ്ങൾ സമഞ്ജസമായി സമന്വയിക്കപ്പെടുമ്പോഴാണ് പൈതൃകം അതിന്റെ യഥാർത്ഥ അർത്ഥം കൈവരിക്കുന്നത്.

ക്രിസ്തീയ വിശ്വാസം റോമൻ സാമ്രാജ്യത്തിലും മറ്റും സ്ഥാപനവൽക്കരിക്കപ്പെട്ടപ്പോൾ അതിന്റെ ഘടനകൾ ഏതാണ്ട് പൂർണ്ണമായും പുരുഷാധികാര വ്യവസ്ഥയായി. ക്രിസ്തു തന്റെ അപ്പോസ്തലന്മാർക്ക് നൽകിയ അധികാരം ലോകപ്രകാരമുള്ളതായിരുന്നില്ല എന്നു വളരെ വ്യക്തമാണ്. 'തങ്ങളിൽ ആരാണ് വലിയവൻ' എന്നു തർക്കമുണ്ടായപ്പോൾ അവർക്കു മുമ്പിൽ ഒരു ശിശുവിനെ എടുത്തു കാണിക്കുകയും, "നിങ്ങൾ മനംതിരിഞ്ഞ് ഈ ശിശുവിനെപ്പോലെയാകണം" എന്നു പഠിപ്പിക്കുകയും ചെയ്തു. മാത്രവുമല്ല, നിങ്ങൾ ലോകത്തിലെ ഭരണാധികാരികളെപ്പോലെ അധികാരത്തിലും ശക്തിയിലുമൂന്നി പ്രവർത്തിക്കരുത്; "നിങ്ങളിൽ വലിയവൻ ചെറിയവനെപ്പോലെയും യജമാനൻ ദാസനെപ്പോലെയും പെരുമാറണമെന്ന്" പഠിപ്പിച്ചു. ചരിത്രത്തിൽ ആരും കേട്ടിട്ടില്ലാത്തവിധം, ഗുരുവായ യേശു തന്റെ മേൽവസ്ത്രമൂരി ദാസന്റെ വേഷമെടുത്ത് ശിഷ്യന്മാരുടെ കാലുകൾ കഴുകിത്തുടച്ചു. ഈ സാധനാപാഠത്തിലൂടെ ഒരു പുതിയ ലോകക്രമത്തെയും ജീവിതശൈലിയെയുമാണ് ക്രിസ്തു ലക്ഷ്യമാക്കിയത്. എങ്കിലും സാമ്രാജ്യാധികാരത്തിന്റെ ചട്ടക്കൂട്ടിലേക്ക് വഴുതിവീണ ഔദ്യോഗിക സഭ ലൗകികക്രമമാണ് പല സ്ഥലങ്ങളിലും പിൻതുടരാൻ ശ്രമിച്ചത്. ക്രൈസ്തവ പാരമ്പര്യത്തിലെ ഏറ്റവും വലിയ വൈരുദ്ധ്യമാണിത്. സാമ്രാജ്യത്വ മാതൃക ആകുമ്പോൾ അധീശത്വവും, ആക്രമണവും അപരനിഷേധവുമെല്ലാം ഉണ്ടാകാമല്ലോ.

15-ാം നൂറ്റാണ്ടിന്റെ അവസാനം പോർച്ചുഗീസ് അധിനിവേശകാലം വരെ ഇന്ത്യയിൽ 1500 വർഷങ്ങൾ ഐക്യത്തോടെ നിലനിന്നിരുന്ന 'മലയാംകര'യിലെ ക്രിസ്ത്യാനിസമൂഹത്തിൽ പാശ്ചാത്യരുടെ കടന്നുകയറ്റം ആദ്യമായി ഭിന്നത ഉണ്ടാക്കി. പാശ്ചാത്യസഭയുടെ മാത്രം കേന്ദ്രമായിരുന്ന റോമിലെ സഭയ്ക്കു വിധേയപ്പെട്ടിരുന്ന പോർച്ചുഗീസുകാരുടെ അധിനിവേശം സൃഷ്ടിച്ച വിള്ളലുകൾ ഇന്നും കേരളത്തിലെ ചില പ്രമുഖ ക്രിസ്തീയ സഭകളെ രൂക്ഷമായി ബാധിച്ചിരിക്കുന്നു. തുടർന്നു വന്ന ബ്രിട്ടീഷ് സാമ്രാജ്യ-കൊളോണിയൽ

ശക്തിയും വേറൊരുതരത്തിൽ അതുപോലെ ഇവിടെ ഭിന്നതയുണ്ടാക്കി. ഈ കടന്നുകയറ്റങ്ങളുടെ നന്മതിന്മകളെ ന്യായം വിധിക്കാതെ തന്നെ വസ്തുതാപരമായി പറയുമ്പോൾ മലങ്കരയിൽ ഏകമായിരുന്ന സഭയെ ബാഹ്യമായ ശക്തികൾ ഭിന്നിപ്പിച്ചു എന്നു പറയാം.

പാശ്ചാത്യരുടെ സാമ്രാജ്യത്വ ശക്തിയും കൊളോണിയൽ അധിനിവേശവും പൗരസ്ത്യ സഭകൾക്ക് ഭീഷണി ആയെങ്കിൽ വേറൊരു തലത്തിൽ ചില പൗരസ്ത്യ സഭകളും ഈ കടന്നുകയറ്റ നയം അനുകരിച്ചിട്ടുണ്ട്. പഴയ റോമാ സാമ്രാജ്യത്തിന്റെ നഷ്ടീഭൂതമായ മഹത്വത്തിന്റെ ഓർമ്മയിൽ അതിൽ ഉൾപ്പെട്ടിരുന്ന ഗ്രീക്ക് ബിസന്റൈൻ, അലക്സാന്ത്രിയൻ, അന്ത്യോഖ്യൻ സഭകൾ ശ്രേഷ്ഠമായ ആരാധനാ പാരമ്പര്യവും ആദ്ധ്യാത്മികതയും വികസിപ്പിച്ചെങ്കിലും അവയുടെ ഔദ്യോഗിക നേതൃത്വം ഇതര പൗരസ്ത്യ സഭകളുടെമേൽ അധികാര കൈയേറ്റം നടത്തിയിട്ടുണ്ട്. റഷ്യ, എത്യോപ്യ, ഇന്ത്യ തുടങ്ങിയ രാജ്യങ്ങളിലെ ഓർത്തഡോക്സ് സഭകളുടെ ചരിത്രത്തിൽ വൈദേശികമായ ഈ അധികാരപ്രയോഗം കഠിനമായ പ്രതിഷേധം ഉയർത്തി. ഇന്നും അതിന്റെ അനുരണനങ്ങൾ പല വിധത്തിൽ തുടരുന്നു. ഇന്ത്യയിൽ മാർത്തോമ്മാ (സെന്റ് തോമസ്) പാരമ്പര്യത്തിനുണ്ടായ ആഘാതം വളരെ വലുതാണ്.

ഭൂതകാല ചരിത്രത്തിലേക്ക് മാത്രം നോക്കിയതുകൊണ്ട് ക്രിസ്തുശിഷ്യനായ മാർത്തോമ്മാ ശ്ലീഹായുടെ സുവിശേഷസാക്ഷ്യത്തെ നമുക്ക് സാക്ഷാത്കരിക്കാനാവില്ല. ക്രിസ്തുവിന്റെ മാതൃകയിലേക്കു തന്നെ തിരിച്ചുപോകുകയാണ് ഭാവിയെ സംബന്ധിച്ചു നമുക്ക് ആശാവഹം. പൈതൃകം ഒന്നേയുള്ളു – അത് ക്രിസ്തുവിന്റെ ത്യാഗപൂർവ്വമായ സ്നേഹവും ക്ഷമയും അനുരഞ്ജനവുമാണ്. എല്ലാ അപ്പോസ്തോലന്മാരും ആ പൈതൃകമാണ് ലോകത്തിന് നൽകിയത്. ചരിത്രത്തിൽ സംഭവിച്ച കയ്പ്പേറിയ അനുഭവങ്ങൾ നാം തിരിച്ചറിയുന്നതു മൂലം, കൂടുതൽ കൈപ്പും വിദ്വേഷവും വളർത്തുന്ന തീവ്രവാദങ്ങളിൽ വീഴാതെ, നീതിപൂർവകമായ ഐക്യത്തിലേക്കും സംഘർഷ പരിഹാരങ്ങളിലേക്കും ഇന്ത്യയിലെ ഇതര മതസമൂഹങ്ങളുമായി ക്രിയാത്മകമായ ബന്ധങ്ങളിലേക്കും പ്രവേശിക്കാനാണ് മാർത്തോമ്മൻ പാരമ്പര്യത്തിലുള്ള സഭകൾ തയ്യാറാകേണ്ടത്.

ലോകത്തിലെ എല്ലാ മതങ്ങളിലും സമൂഹങ്ങളിലും അനീതിയുടെയും അക്രമത്തിന്റെയും ആഴമായ മുറിപ്പാടുകൾ കാണാം. ഒരു സമൂഹവും ഇതിൽനിന്നു വേറിട്ടു നിൽക്കുന്നില്ല. സംസ്കാരങ്ങളുടെ ചരിത്രം അതിന്റെ വിശദാംശങ്ങളിൽ വേട്ടക്കാരന്റെയും ഇരയുടെയും ചരിത്രം കൂടിയാണ്. ഒരേ സമൂഹം തന്നെ ചിലപ്പോൾ ഇരയും ചിലപ്പോൾ വേട്ടക്കാരനുമാവും. അതെല്ലാം മാന്തിയെടുത്ത് അസ്ഥികൂടങ്ങളും കൽക്കെട്ടുകളും പരിശോധിച്ചു തുടങ്ങിയാൽ ഒരു പക്ഷേ നമ്മുടെ ലോകം വീണ്ടും അതിരൂക്ഷമായ യുദ്ധങ്ങളിലേക്കും വംശഹത്യകളിലേക്കും മഹാമനുഷ്യ ദുരന്തങ്ങളിലേക്കും പതിക്കും.

അതുകൊണ്ട് രണ്ടു കാര്യങ്ങൾ പ്രധാനമാണ്. ഒന്നാമതായി ഓരോ സംസ്കാരത്തിനും സമൂഹത്തിനും അതാതിന്റെ പൈതൃകബോധം അനുപേക്ഷണീയമാണ്. കാരണം, അതാണ് അവരുടെ തനിമയെയും സ്വത്വബോധത്തെയും രൂപപ്പെടുത്തുന്നത്. ആ പൈതൃകത്തെ നാം ആത്മവിമർശനത്തോടും ആദരവോടും കാണണം.

രണ്ടാമതായി, ഈ സ്വത്വബോധത്തോടൊപ്പം തന്നെ ഇതര പൈതൃകങ്ങളുടെ നല്ല വശങ്ങൾ കാണാനും അവയിൽ ഉൾപ്പെട്ട മനുഷ്യരോട് സമത്വവും സാഹോദര്യവും അനുഷ്ഠിക്കാനും നമുക്ക് കഴിയണം. എങ്കിൽ മാത്രമേ പ്രാദേശിക പൈതൃകങ്ങൾക്ക് നിഷേധാത്മകമായ നിലപാടുകളിൽ വീഴാതെ, സമൂഹത്തിനു നല്ല സംഭാവനകൾ നൽകാനാവൂ.

പൊതുനന്മയിലും സഹവർത്തിത്വത്തിലും ആതിഥ്യമര്യാദകളിലും ഉത്തമ മൂല്യങ്ങളിലും വേരൂന്നിയ ഒരു മാനവ സംസ്കൃതിയാണ് നമ്മുടെ വലിയ ആവശ്യം. നമ്മുടെ മാതൃരാജ്യമായ ഭാരതം എന്നും അങ്ങനെ മാതൃഭാവത്തോടെ അതിന്റെ എല്ലാ മക്കളെയും ഒരുപോലെ ആശ്ലേഷിക്കുന്ന സംസ്കാരമാണ് ഇതുവരെ പഠിപ്പിച്ചത്. മാർത്തോമ്മൻ പാരമ്പര്യവും ആ വഴിയിൽ മുന്നേറട്ടെ.

❑

സഭാഭരണത്തിൽ വനിതാപങ്കാളിത്തം: ഭേദഗതിക്ക് മലങ്കര ഓർത്തഡോക്സ് സഭ

ഓസ്ട്രേലിയയും കാനഡയും കേന്ദ്രമാക്കി ഭദ്രാസനങ്ങൾ രൂപീകരിക്കാനും സുന്നഹദോസ് തീരുമാനം

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭാഭരണത്തിൽ സ്ത്രീകൾക്കു പ്രാതിനിധ്യം കൂട്ടാനാവശ്യമായ ഭരണഘടനാ ഭേദഗതി വരുത്താൻ എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനം.

ഓസ്ട്രേലിയയും കാനഡയും കേന്ദ്രമാക്കി പുതിയ ഭദ്രാസനങ്ങൾ രൂപീകരിക്കാനും പ. ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലി ക്കാ ബാവായുടെ അധ്യക്ഷതയിൽ ചേർന്ന സുന്നഹദോസിൽ തീരുമാനമായി.

സഭയിൽ സ്ഥിരം ശെമ്മാശന്മാരെ നിയമിക്കുന്നതു തത്വത്തിൽ അംഗീകരിച്ചു. ആരാധനയിൽ യുവജനങ്ങളുടെ പങ്കാളിത്തം കൂട്ടാൻ ഞായറാ ആരാധനയോടൊപ്പം മറ്റു ദി വസങ്ങളിലും അതതു പ്രദേശത്തെ പ്രത്യേകതകൾക്കനുസരിച്ച് ആരാധന ക്രമീകരിക്കാം. വൈദികർ രാഷ്ട്രീയ പാർട്ടികളുടെ പ്രചാരകരാകുന്നതിനും പാർട്ടികളിൽ അംഗങ്ങളായി പ്രവർത്തിക്കുന്നതിനും എതിരായി പ. ബാവാ പുറപ്പെടുവിച്ചു കൽപനയ്ക്കു സുന്നഹദോസ് പിന്തുണ പ്രഖ്യാപിച്ചു.

യുവജനങ്ങളുടെയും കുട്ടികളുടെയും സഭാജീവിതത്തിലെ പങ്കാളിത്തം കൂട്ടുന്നതിനുള്ള പദ്ധതികൾ തയാറാക്കും. 40-നും 60-നും ഇടയിൽ പ്രായമുള്ളവർക്കായി സെന്റ് ഡയനീഷ്യസ് ഫോറം എന്ന പേരിൽ ആത്മീയ സംഘ ടനയും 60 വയസ്സിനു മുകളിലു ഉളവർക്കായി സെന്റ് ജോസഫ് എൽഡേഴ്സ് ഫോറവും ആരംഭിക്കും.

ആദിമസഭാ പിതാക്കന്മാരുടെ പ്രബോധനങ്ങൾ ഉൾപ്പെടുന്ന ഗ്രന്ഥങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കും. പരുമല ആശുപത്രിയോടു ചേർന്നു മാനസിക ആരോഗ്യകേന്ദ്രവും ന്യൂറോ റീഹാബിലിറ്റേഷൻ സെന്ററും നിർമിക്കും. സാറ്റലൈറ്റ് ഹെൽത്ത് കെയർ സെന്ററുകൾ ആരംഭിക്കാനുള്ള സാദ്ധ്യതകൾ പഠിക്കാനും തീരുമാനിച്ചിട്ടുണ്ട്. റഷ്യയിൽ നിന്നു മെഡിക്കൽ സംഘവും മോസ്കോ കത്തീഡ്രൽ കൊയർ സംഘവും മലങ്കരസഭ സന്ദർശിക്കും.

മഹാസമ്മേളന ഗായകസംഘം

കോട്ടയം: 'മാർത്തോമ്മൻ പൈതൃക സംഗമം' മഹാസമ്മേളനത്തിൽ 300 പേരടങ്ങുന്ന ഗായകസംഘം ഫാ. എം. പി. ജോർജ് കോർ എപ്പിസ്കോപ്പായുടെ നേതൃത്വത്തിൽ ഗാനാലാപനം നടത്തും. ഫാ. അനൂപ് രാജു, ഫാ. ജിബി കെ. പോൾ, ഫാ. ഡോ. വർഗീസ് പി വർഗീസ് എന്നിവർ ഗാന പരിശീലനത്തിന് നേതൃത്വം നൽകും. വൈദീകരും വൈദിക വിദ്യാർത്ഥികളും അൽമായരും ഉൾപ്പെടുന്നതാണ് ഗായകസംഘം.

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം


മലങ്കര നസ്രാണിയുടെ മാർത്തോമൻ പൈതൃകം

ഫാ. ഡോ. തോമസ് വർഗ്ഗീസ് അമയിൽ
(വൈദിക ട്രസ്റ്റി)

മാർത്തോമൻ പൈതൃകത്തെ കൂടാതെ ഭാരതീയ ക്രൈസ്തവതയ്ക്ക് ചരിത്രം പറയുവാൻ കഴിയില്ല. ഈ മണ്ണിന്റെ സുഗന്ധം ഏറ്റുവാങ്ങി ജനഹൃദയങ്ങളിൽ ഇടംപിടിച്ച ആത്മീയധാരയാണ് മാർത്തോമൻ പൈതൃകം. മാർത്തോമായുടെ അപ്പോസ്തോലിക സിംഹാസനത്തെ ലോകം ആദരവോടെ കൂടി വീക്ഷിക്കുമ്പോൾ ആ പൈതൃകാനുഭവത്തിന്റെ പെരുമയും ഏറുകയാണ്. മത വൈവിധ്യങ്ങളുടെ നാടായ ഭാരതഭൂമിയോട് ഇഴുകി ചേർന്ന് വളരുവാൻ ആ പൈതൃകത്തിന് കഴിഞ്ഞു എന്നുള്ളത് ഏറെ സവിശേഷതയാണ്. വിശ്വാസത്തിൽ ക്രൈസ്തവ ബോധ്യങ്ങളും ജീവിതചര്യകളും ആത്മീയ രീതികളും നാടിന്റെ പാരമ്പര്യങ്ങളും സമജ്ഞമായി വിളക്കി ചേർക്കുവാൻ മാർത്തോമൻ പൈതൃകത്തിന് സാധിച്ചു. അധിനിവേശത്തിന്റെ മുറിപ്പാടുകൾ ഇല്ലാതെ ക്രിസ്തുമാർഗ്ഗത്തെ ഭാരതഭൂമിയിൽ പരിചയപ്പെടുത്തുവാൻ കഴി ഞ്ഞു എന്നുള്ളതാണ്. മാർത്തോമൻ പൈതൃകത്തിന്റെ വൈശിഷ്ഠ്യം.

സ്വാതന്ത്ര്യബോധ്യമാണ് മാർത്തോമൻ പാരമ്പര്യത്തെ വേറിട്ടു നി ർത്തുന്നത്. ലോകത്തെ മുഴുവൻ കീഴ്പ്പെടുത്തുവാൻ ഇറങ്ങിപ്പുറപ്പെട്ട രാഷ്ട്രീയ മത കോളനി ശക്തികൾക്ക് വില പറയുവാൻ കഴിയാതെ നെഞ്ചുറപ്പോടെ ഉയർന്നു നിന്ന ഉജ്വല ചരിത്രമാണ് മാർത്തോമൻ പൈതൃകത്തിനു ള്ളത്. അധിനിവേശ ശക്തികൾ കയ്യാട്ടിവിളിച്ചപ്പോൾ പുറകെ പോയവർ ഇന്ന് മാർത്തോമാ പാരമ്പര്യത്തിന്റെ ഓഹരിയും അവകാശവും തങ്ങൾക്കും വേണമെന്ന് മുറവിളി കൂട്ടുമ്പോഴും പൊതുസമൂഹത്തിന്റെ മുമ്പിൽ ചരിത്ര സ്ഥാന പുതുനിർമ്മിതികൾ നടത്തുമ്പോഴും അഭിമാനത്തോടൊപ്പം പുഞ്ചിരിയോടെ മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയ്ക്ക് പറയാനുള്ളത് ഒന്നുമാത്രം 'വലിച്ചെറിഞ്ഞതല്ല, തിരിച്ചെടുത്തതല്ല, കാത്തുസൂക്ഷിച്ചതാണ് ഞങ്ങൾക്ക് ഈ മാർത്തോമൻ പാരമ്പര്യം..' എന്നാണ്. ചരിത്ര വേരുകളും സ്വത്വബോധവും സൗകര്യാർത്ഥം മാറ്റിവെക്കേണ്ടതോ, വലിച്ചെറിയേണ്ടതോ അല്ല, മറിച്ച് അവ നെഞ്ചകങ്ങളിൽ കൊളുത്തി വയ്ക്കേണ്ടതാണെന്ന് മലങ്കര ഓർത്തഡോക്സ് സുറി യാനി സഭയുടെ പൂർവികർ തങ്ങളുടെ ജീവിതാനുഭങ്ങളി ലൂടെ തലമുറയ്ക്ക് പകർന്നു നൽകി. ഈ മഹത്തായ മാർത്തോമാ പൈതൃകത്തിന്റെ ദർശനമാണ് കുരിശിൽ ആലാത്തുകെട്ടിയും, സാമ്രാജ്യ ശക്തിയോട് കലഹിച്ചും നിയമ പോരാട്ടങ്ങൾ നടത്തിയും കാത്തുസൂക്ഷിക്കുന്നത്.

സത്യത്തിന് കാവൽ നിൽക്കുക പരിപാവനമായ ആത്മീയ ദൗത്യമാണ്. സത്യം എന്ന പദം തന്നെ വിചാരണ ചെയ്യപ്പെടുന്ന ഇന്ന് നമ്മുടെ അന്വേഷണങ്ങൾ സത്യാനന്തര വിശുദ്ധിയെപ്പറ്റിയാണ്. വ്യാജത്തിന്റെ പതിപ്പുകളെ സത്യത്തിന്റെ പേരിലവതരിപ്പിക്കുന്ന സമീപ കാല ശൈലികളോടാണ് അന്നും ഇന്നും നമ്മുടെ പോരാട്ടങ്ങൾ. വധഭീഷണികളുടെയും, കാലുമാറ്റങ്ങളുടെയും, ഭരണകൂട ഭീഷണികളുടെയും നടുവിൽ സത്യത്തിന്റെ വിശുദ്ധിയ്ക്കായി ഇമചിമ്മാതെ കാവൽ നിന്ന പിതാക്കന്മാരുടെ സഭയാണിത്. സമരസങ്ങളി ല്ലാതെ ആ പിതാക്കന്മാർ പുലർത്തിയ നിലപാടുകൾ കൂടിയാണ് സഭയുടെ സ്വാതന്ത്ര്യത്തിലേക്കുള്ള വഴി തുറന്നത്. ദൈവത്താൽ നയി ക്കപ്പെടുന്ന സഞ്ചാരിക്കേ സമർപ്പിതനാകാൻ കഴിയുകയുള്ളൂ. തന്റെ യാത്ര ഒരു കല്ലേറുദൂരത്താണ് എന്ന് തിരിച്ചറിയുമ്പോഴും ധീരരായ യാത്രക്കാർക്കറിയാം താൻ സഞ്ചരിക്കുന്നതും തന്റെ ജനതയെ കൊണ്ടെത്തിയ്ക്കുന്നതും വിമോചനത്തിന്റെ പൊൻ പുലരിയിലേക്കാണെന്ന്. അപരനു വേണ്ടി ജീവിക്കുകയും ലോകത്തിനു വേണ്ടി സ്വപ്നം നെയ്യുകയും ചെയ്യുന്നവർ അവധാനതയോടും സ്നേഹത്തോടും ഏറ്റു



വാങ്ങുന്ന തലവരകൾ ഉണ്ട്. ഈ തലവരകൾ വ്യക്തിജീവിതത്തിൽ അസ്വസ്ഥതകൾ കോറിയിടാമെങ്കിലും തലമുറയ്ക്ക് സ്വാതന്ത്ര്യത്തിന്റെ വെള്ളി വെളിച്ചം വിതറുക തന്നെ ചെയ്യും.

ചരിത്രവും സംസ്കാരവും വിലകുറച്ച് കാണുന്നവരുടെ നിറംകെട്ട ബോധ്യങ്ങൾക്ക് വെല്ലുവിളിയാകും 2024 ഫെബ്രു. 25ന് കോട്ടയത്ത് നടക്കുന്ന മാർത്തോമൻ സ്മൃതി സംഗമം. നാം ഒരു ജനത, ഒരു പാരമ്പര്യത്തിന്റെ പിന്തുടർച്ചക്കാർ എന്ന പരമമായ സത്യത്തിന്റെ ഉൽഘോഷവേദിയായി മാർത്തോമൻ പൈതൃക മഹാസംഗമം വേദി മാറും. ഇതിനായി നമുക്ക് ഉണരാം, അണിചേരാം. ഇടമുറിയാത്ത ആത്മബോധാനുഭവത്തിൽ ഒറ്റ സ്വരത്തിൽ പറയാം "മാർത്തോമാ ശ്ലീഹായുടെ സിംഹാസനം നീണാൾ വാഴട്ടെ...

തീച്ചൂളയിൽ സ്ഫുടം ചെയ്യപ്പെട്ട വിശുദ്ധൻ

പരിശുദ്ധനായ വട്ടശ്ശേരിൽ ഗീവർഗ്ഗീസ് മാർ ദീവന്നാസ്യോസ് തിരുമേനി മലങ്കരസഭാ ഗാത്രത്തിലെ ദീപ്ത സ്മരണയാണ്. സ്വാതന്ത്ര്യദാഹം മനുഷ്യസഹജമാണ്. എന്നാൽ ഈ സ്വപ്നസാക്ഷാത്ക്കാരത്തിനാ യി അഗ്നിച്ചൂളകളുടെ നടുവിലൂടെ പ്രയാണം ചെയ്യുന്നവർ അംഗുലീപരിമിതമാണ്. ദർശനത്തിന്റെയും തപോനിഷ്ഠയുടെയും പ്രാർത്ഥനയുടെയും കരുത്താർജ്ജിച്ചവർക്കു മാത്രമേ ഇത്തരം നിയോഗങ്ങൾ ഏറ്റെടുക്കുവാൻ കഴിയുകയുള്ളൂ. വർത്തമാനകാല ജീവിത ദർശനങ്ങളിൽ സുരക്ഷിതത്വത്തിന്റെ ഇടങ്ങളെ പ്രണയിക്കുന്നവരും, സകലത്തോടും വിധേയപ്പെടുന്നവരും നിശബ്ദതയും ഒളിച്ചോട്ടവും പതിവു ശൈലികളാക്കി മാറ്റുന്നവരും ഉണ്ടാകാം. ഇത്തരം മുഖംമൂടികൾ വിദഗ്ധമായി ധരിക്കപ്പെടാം എന്നതിനാണ് ഈ തലമുറയുടെ അന്വേഷണം.

ഹാഗിയോഗ്രാഫി വിശുദ്ധരുടെ സഞ്ചാരപഥങ്ങളാണ്. മൗനിയാകുന്നവർ മാത്രമല്ല വിശുദ്ധർ. മൗനത്തിൽ നിന്ന് സ്ഫുടം ചെയ്യപ്പെട്ട് പ്രവാചക ശബ്ദം ഉയർത്തുന്നവൻ കൂടിയാണ് വിശുദ്ധൻ. മലങ്കര സഭയെ ഇടത്താവളമാക്കുവാൻ ആഗ്രഹിച്ചവർക്കുനേരെ ഉയർന്ന സിം ഹഗർജ്ജനം പരി. വട്ടശ്ശേരിൽ തിരുമേനിയുടേതായിരുന്നു. നിലപാടുകൾക്കുവേണ്ടി കാർക്കശ്യത്തോടെ നിലകൊള്ളുമ്പോഴും അനുരഞ്ജനത്തിനുവേണ്ടി ഭൂമിയോളം താഴുവാൻ സദാസന്നദ്ധനായിരുന്നു. തന്റെ സ്താത്തിക്കോൻ സമർപ്പണവേളയിൽ ഈ നിലപാടുകളുടെ രാജകുമാരന്റെ സുന്ദരചിത്രം വെളിവാകുന്നു. പിന്തുടർച്ചക്കാരൻ എന്ന നാമം വെട്ടി സഹായക്കാരൻ എന്ന് എഴുതുവാനുള്ള പരിശ്രമങ്ങളെ എത്ര ധീരമായാണ് പരി. പിതാവ് പ്രതിരോധിക്കുന്നത്. ഈ പ്രതിരോധമാണ് നാം

ഇന്ന് അനുഭവിക്കുന്ന സ്വാതന്ത്ര്യം. കനൽവഴികളെ സ്വീകരിക്കേണ്ടി വന്നാലും അടിമയാകാനില്ല എന്ന ധീരമായ നിലപാട്. വ്യക്തിപരമായി ലഭിക്കപ്പെടാവുന്ന സാദ്ധ്യതകളെ തള്ളിക്കളഞ്ഞ ഒരു ജനതയുടെ സ്വാതന്ത്ര്യദാഹത്തിന്റെ പ്രതീകമായി മാറിയ പരിശുദ്ധൻ.

”നടന്നുതുടങ്ങിയ ഒരാളും നടന്നു നീങ്ങാത്ത ഒരാളും തമ്മിലുള്ള ദൂരം സഞ്ചാരത്തിന്റെ ദൂരം മാത്രമല്ല അനുഭവത്തിന്റെ ദൂരം കൂടിയാണ്. നടന്നു തുടങ്ങിയ നിമിഷത്തിലറിയാം യഥാർത്ഥ പോരാളിക്ക് തന്റെ പാതയെപ്പറ്റി. കല്ലും വളവും പർവ്വതങ്ങളും അവനെ തളർത്തുകയില്ല. തലചായ്ക്കാനിടയില്ലാത്ത ദുരിതങ്ങൾ കൂടെയുണ്ടാവാം. ഉറക്കമില്ലായ്മകളുണ്ടാവാം. അവന് പരാതികളില്ല. യഥാർത്ഥ പോരാളിക്കറിയാം ഈ വഴി ദൈവത്തിന്റേതാണ്”. പ. വട്ടശ്ശേരിൽ തിരുമേനിയെപ്പറ്റി അന്വർത്ഥമാകുന്ന വാക്കുകളാണിവ.

സത്യത്തിന് കാവൽ നിൽക്കുക പരിപാവനമായ ആത്മീയ ദൗത്യമാണ്. സത്യം എന്ന പദം തന്നെ വിചാരണ ചെയ്യപ്പെടുന്ന ലോകത്താണ് നാം ജീവിക്കുന്നത്. നമ്മുടെ അന്വേഷണങ്ങൾ സത്യാനന്തര വിശുദ്ധിയെപ്പറ്റിയാണ്. വ്യാജത്തിന്റെ പതിപ്പുകളെ സത്യത്തിന്റെ പേരിലവതരിപ്പിക്കുന്ന സമീപന ശൈലികളോടാണ് വിശുദ്ധനായ വട്ടശ്ശേരിൽ തിരുമേനി നടത്തിയ പോരാട്ടങ്ങൾ. വധഭീഷണികളുടെയും, കാലുമാറ്റങ്ങളുടെയും, ഭരണകൂട ഭീഷണികളുടെയും നടുവിൽ സത്യത്തിന്റെ വിശുദ്ധിയ്ക്കായി ഇമചിമ്മാതെ കാവൽ നിന്ന് മലങ്കരയുടെ മഹിതാചാര്യൻ ധീരോധാത്ത വിശുദ്ധനാണ്.

ഈ പുണ്യപിതാവിന്റെ ക്രാന്തദർശനങ്ങൾ മലങ്കരയുടെ ചരിത്രത്തിൽ പകർന്ന ആത്മവിശ്വാസം അക്ഷരങ്ങളിൽ ആവാഹിക്കുക ദുഷ്ക്കരമാണ്. ജനാധിപത്യത്തെയും എപ്പിസ്ക്കോപ്പസിയെയും സംയോജിപ്പിച്ചുകൊണ്ട് സുസ്ഥിരമായ ഭരണം മലങ്കരയിൽ ഉറപ്പാക്കുവാൻ തിരുമേനി ആഗ്രഹിക്കുകയും പ്രയത്നിക്കുകയും ചെയ്തു. ഭരണപരമായ അസ്ഥിരതകളാണ് കൊളോണിയൽ നുഴഞ്ഞുകയറ്റത്തിന്റെ അവസരമെന്ന് തിരിച്ചറിഞ്ഞ പരിശുദ്ധൻ അത്തരം സാദ്ധ്യതകളെ ഇല്ലാതെയാക്കാൻ പരിശ്രമിച്ചതിന്റെ നിത്യസ്മരണയാണ് 1934-ലെ ഭരണഘടന. നീതിപീഠങ്ങൾ കാവൽ നിന്ന, കുതന്ത്രങ്ങൾക്ക് മായിച്ചുകളയാൻ കഴിയാത്ത മലങ്കരയുടെ രജതരേഖയായി ഈ ഭരണഘടന ഇന്നും പരിലസിക്കുന്നു.

നല്ല വാക്കുകൾ മാത്രമല്ല നല്ല നിലപാടുകൾ കൂടിയാണ് സ്വാതന്ത്ര്യത്തിലേക്കുള്ള വഴി തുറക്കുന്നത്. ദൈവത്താൽ നയിക്കപ്പെടുന്ന സഞ്ചാരിക്കേ സമർപ്പിതനാകാൻ കഴിയുകയുള്ളൂ. തന്റെ യാത്ര ഒരു കല്ലേറുദൂരത്താണ് എന്ന് തിരിച്ചറിയുമ്പോഴും ധീരരായ യാത്രക്കാർക്കറിയാം താൻ സഞ്ചരിക്കുന്നതും തന്റെ ജനതയെ കൊണ്ടെത്തിയ്ക്കുന്നതും വിമോചനത്തിന്റെ പൊൻ പുലരിയിലേക്കാണെന്ന്. അപരനുവേണ്ടി ജീവിക്കുകയും ലോകത്തിനുവേണ്ടി സ്വപ്നം നെയ്യുകയും ചെയ്യുന്നവർ അവധാനതയോടും സ്നേഹത്തോടും ഏറ്റുവാങ്ങുന്ന തലവരകൾ ഉണ്ട്. ഈ തലവരകൾ വ്യക്തിജീവിതത്തിൽ അസ്വസ്ഥതകൾ കോറിയിടാമെങ്കിലും തലമുറയ്ക്ക് സ്വാതന്ത്ര്യത്തിന്റെ വെള്ളിവെളിച്ചം വിതറുക തന്നെ ചെയ്യും. മലങ്കരസഭയുടെ ചരിത്രത്തിലെ പകരക്കാരനില്ലാത്ത നാമവും സാന്നിദ്ധ്യവുമാണ് പ. വട്ടശ്ശേരിൽ തിരുമേനി.



ഫാ. ഡോ ജോൺസ് എബ്രഹാം കോനാട്ടിനെ മലങ്കര മൽപ്പാനായി പ്രഖ്യാപിക്കും

കോട്ടയം: ഫാ. ഡോ ജോൺസ് എബ്രഹാം കോനാട്ടിനെ മലങ്കര മൽപ്പാനായി പ്രഖ്യാപിക്കുവാൻ പരിശുദ്ധ സുന്നഹദോസ് തീരുമാനിച്ചു.

ദിവംഗതനായ മുൻ വൈദികട്രസ്റ്റി കോനാട്ട് അബ്രഹാം മല്പാനച്ചന്റെ മകനാണ്. ബി. എ. ബിരുദാനന്തരം കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ ചേർന്നു ജി.എസ്.റ്റി. ഡിപ്ലോമായും സെറാമ്പൂർ യൂണിവേഴ്സിറ്റിയിലെ ബി. ഡി. ഡിഗ്രിയും സമ്പാദിച്ചു. പാരീസിലെ ലുവേയ്ൻ യൂണിവേഴ്സിറ്റിയിൽ നിന്നു വേദശാസ്ത്രത്തിൽ ബിരുദാനന്തര പഠനം നടത്തി മാസ്റ്റർ ബിരുദം (M.Th.) കരസ്ഥമാക്കി.

1985 മുതൽ വൈദിക സെമിനാരിയിൽ സുറിയാനിയും സഭാചരിത്രവും പഠിപ്പിക്കുന്നു. മലങ്കരസഭാ വൈദിക ട്രസ്റ്റിയായി സേവനമനുഷ്ഠിച്ചു വരുന്നു. ചരിത്രപ്രസിദ്ധമായ കോനാട്ട് ഗ്രന്ഥശേഖരത്തിന്റെ ഉടമയാണ്. പാമ്പാക്കുട സെന്റ് ജോൺസ് വലിയപള്ളി ഇടവകാംഗം.



ഗുരുവിന് ആശംസകൾ അർപ്പിച്ച് പരിശുദ്ധ കാതോലിക്കാ ബാവാ

കോട്ടയം: 84 വയസ്സ് തികയുന്ന സി.എം.എസ് കോളേജ് അധ്യാപകൻ ശിവദാസ് സാറിന് ആശംസകൾ അർപ്പിക്കാൻ അദ്ദേഹത്തിന്റെ ശിഷ്യൻ പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവാ. ബേക്കർ ഹില്ലിൽ താമസിക്കുന്ന അദ്ദേഹത്തിന്റെ ഭവനത്തിൽ എത്തി ആശംസകൾ അർപ്പിച്ച് പരിശുദ്ധ ബാവാ, പഠനകാലത്തെ അനുഭവങ്ങൾ അദ്ദേഹവുമായി പങ്കുവെച്ചു. ഗുരുശിഷ്യ ബന്ധത്തിന്റെ ആഴവും പരപ്പും എത്ര ഹൃദ്യമാണെന്ന് ശിവദാസ് സാർ പരിശുദ്ധ ബാവായോട് പറഞ്ഞു.



സഭ ഗുരുരത്നം വന്ദ്യ ടി ജെ ജോഷ്വ അച്ചന്റെ ജീവിതത്തെ ആസ്പദമാക്കി ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ രചിച്ച 'ഗുരുരത്നം' എന്ന പുസ്തകം പരിശുദ്ധ കാതോലിക്കാ ബാവ പ്രകാശനം നിർവഹിച്ചു.

ലേഖനം

മാർത്തോമൻ നസ്രാണി സംഗമം
വിശ്വാസ ജീവിത പാതയിലെ പുതിയൊരധ്യായം

റോണി വർഗീസ് ഏബ്രഹാം
(അൽമായ ട്രസ്റ്റി)

കോട്ടയത്ത് വച്ച് 2024 ഫെബ്രുവരി മാസം 25 ന് നടക്കുന്ന മഹാ സംഗമം വിവിധ പ്രാധാന്യങ്ങളുള്ളതാണ്. ഭാരതത്തെ സുവിശേഷവെളിച്ചത്താൽ ഭാസുരമാക്കിയ പരിശുദ്ധനായ മാർ തോമാശ്ലീഹായുടെ രക്തസാക്ഷിത്വ സ്മരണയുടെ 1950–ാമത് വാർഷികവും മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയെ വിദേശനുകത്തിൽ നിന്ന് കരകയറ്റുവാനായി തന്റെ പ്രാണൻ പോലും തൃണവൽക്കരിച്ച് സ്വാഭിമാനത്തോടെ പോരാടിയ പരിശുദ്ധ വട്ടശ്ശേരിൽ ഗീവർ ഗീസ് മാർ ദിവന്നാസിയോസ് പിതാവിന്റെ തൊണ്ണൂറാമത് ഓർമ്മയും മലങ്കര സഭയ്ക്ക് സുദൃഢമായ ഒരു ഭരണഘടന രൂപീകരിക്കപ്പെട്ടതിന്റെ തൊണ്ണൂറാം വാർഷികവും സംയുക്തമായി മലങ്കരസഭ ആചരിക്കുകയാണ്.

മേൽപ്പറഞ്ഞ എല്ലാ കാര്യങ്ങളും മലങ്കര സഭയെ സംബന്ധിച്ച് വളരെ പ്രാധാന്യമുള്ളതും ശ്രേഷ്ഠവുമാണ്.

പരിശുദ്ധ മാർത്തോമാ ശ്ലീഹായുടെ ശ്ലൈഹീക പാരമ്പര്യം ആദ്യകാലം മുതലേ കരഗതമായ, അതിൽ അഭിമാനം കൊള്ളുന്ന മലങ്കര സഭ ക്രിസ്തു സ്നേഹത്തിൽ നമ്മുടെ കർത്താവിന്റെ ജീവനുള്ള സുവിശേഷത്തിന്റെ വെളിച്ചത്തിൽ ആരാധനാ പാതയിൽ സ്വാതന്ത്ര്യ ബോധമുയർത്തിപ്പിടിച്ച് ഈ ഭാരതത്തിലും വിവിധ ദേശങ്ങളിലുമായി ഏറെ സാക്ഷ്യത്തോടെ ജനതകൾക്ക് പ്രകാശമായി ശോഭിക്കുന്നു.

ഭാരതത്തിനുള്ളിലും പുറത്തുമായി എത്രയോ മനുഷ്യരുടെ സങ്കടങ്ങളും ഭാരങ്ങളും വേദനകളും പരിഹരിക്കുവാൻ അനേകരെ മൂല്യാധിഷ്ഠിത ജീവിതത്തിലേക്ക് നയിക്കുവാൻ അനേകരുടെ ജീവിതയാത്രയിൽ പ്രകാശ സ്തംഭമായി നിൽക്കുവാൻ വിശുദ്ധ മാർത്തോമാ ശ്ലീഹായുടെ പൈതൃകം പേറുന്ന ഈ സഭയ്ക്ക് ആയിട്ടുണ്ട് എന്നത് തന്നെ മാർത്തോമാ നസ്രാണി കളായ നമ്മെ സന്തോഷിപ്പിക്കേണ്ടതും നമ്മുടെ പൈതൃകത്തിൽ അഭിമാനം കൊള്ളുവാൻ പ്രേരിപ്പിക്കേണ്ടതുമാണ്.

പുരാതനത്വം അവകാശപ്പെടുന്ന സഭകളെല്ലാം ഇപ്പോൾ മാർത്തോമാ ശ്ലീഹായുടെ ശ്ലൈഹീക പാരമ്പര്യത്തെയും അവകാശിക്കാൻ ശ്രമിക്കുന്ന ദയനീയമായ കാഴ്ചയാണ് നമ്മുടെ ഇടങ്ങളിൽ കണ്ടുവരുന്നത്. ആയതിനാൽ ഈ രക്തസാക്ഷിത്വ സ്മരണ നിർവഹി ക്കുവാൻ ഏറ്റവും യോഗ്യതയുള്ളതും അവകാശപ്പെട്ടതും മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് തന്നെയാണ്.

പരിശുദ്ധ വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദിവന്നാസിയോസ് തിരുമേനി നൽകിയ സഭാ സ്വാതന്ത്ര്യം ആ പരിശുദ്ധന്റെ നവതി സ്മരണ കൊണ്ടാടുന്ന ഈ സമയത്ത് ഏറെ ചർച്ച ചെയ്യപ്പെടേണ്ടതും അതിൽ നിന്ന് അണു വിട പോലും വ്യതിചലിക്കുവാൻ അനു വദിക്കാതിരിക്കേണ്ടതു മാണ്. ഭാരതത്തിലെ സഭ ഭാരതത്തിന്റെ നിയമവ്യവസ്ഥയോടും ഭാരതത്തിലെ ബഹുഭൂരിപക്ഷം വരുന്ന സമുദായങ്ങളോടു മുള്ള ഐക്യപ്പെടലിലും സ്നേഹത്തിലും തുടർന്നു പോകേണ്ടതാണ്. ഒരു വൈദേശികശക്തിക്കും അതിന്മേൽ ആധിപത്യമോ അതിൽ നിന്നും അവകാശങ്ങൾ എടുക്കുവാനോ സാധിക്കുകയില്ല. ഒരു വിദേശ മേലധ്യക്ഷന്റെയും പേര് പറഞ്ഞ് പരസ്പരം കലഹിക്കുവാനോ പോരടിക്കു വാനോ നമുക്കിടയാകരുത്. ഈ ദർശനങ്ങളാണ് പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനി തന്റെ ജീവിതകാലത്ത് നടപ്പിലാക്കുവാൻ പരിശ്രമിച്ചതത്രയും. ആ പരിശുദ്ധന്റെ പ്രാർത്ഥനയുടെയും ജീവിത വിശുദ്ധിയുടെയും ബലമാണ് മലങ്കരസഭയ്ക്ക് കഴിഞ്ഞകാലങ്ങളിലും ഇന്നും അഭയ ശിലയായി നിലനി ൽക്കുന്നത്.

ഭാരതം അതിന്റെ ഭരണഘടനയെ സംബന്ധിച്ച് ചിന്തിക്കുന്ന നാളുകൾക്കു മുൻപേ മലങ്കര സഭ സ്വാതന്ത്ര്യ അഭിവാഞ്ച നിമിത്തം ഒരു ഭരണഘടന



നിർമിച്ചു എന്നതാണ് മലങ്കര ഓർത്തഡോക്സ് സഭയുടെ ഭരണഘടനയുടെ പ്രത്യേകത. സഭാ സ്നേഹികളായ ഒരുപറ്റം അൽമായ നേതാക്കളുടെയും പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെയും സമർപ്പണവും ത്യാഗവും കൊണ്ട് രൂപപ്പെട്ട ഈ നിയമാവലികൾ മലങ്കര സഭയ്ക്ക് എന്നും മുതൽക്കൂട്ടാണ്.

വിദേശ മേധാവിത്വത്തിന്റെ പ്രബല കോട്ടകൾ തകർന്നുപോയത് ഈ ഭരണഘടനയുടെ മുൻപിലാണ്. പലപ്രാവ ശ്യം വിവിധ ന്യായാധിപന്മാരാൽ വിവിധ കോടതികളിൽ വരികൾ കീറി വ്യാഖ്യാനിച്ചിട്ടും ഇന്നും അത് ഒളിമങ്ങാതെ നിലനിൽക്കുന്നു. മലങ്കര സഭയുടെ കെട്ടുറപ്പിനായി ദൈവം നൽകിയ സ്നേഹസമ്മാനമാണ് ഈ ഭരണഘടന. അതിന്റെ നൂറാം വാർഷികം ആചരിക്കുമ്പോൾ നിയമവ്യവസ്ഥയിൽ ഊന്നി ഭാരതത്തിന്റെ ദേശീയ സഭയായി പിതാക്കന്മാരുടെ സ്വാതന്ത്ര്യ ദർശനത്തെ നടപ്പിലാക്കുവാൻ നമുക്ക് ഒരുമിച്ച് പ്രയത്നി ക്കാം. അതിനായി ഒരുമിച്ച് അണിചേരാം.

ഈ സമ്മേളനം കേവലം ശക്തിപ്രകടനമോ ആൾബലത്തിന്റെ വേദിയോ ആയിട്ടല്ല മറിച്ച് നമ്മളുടെ ശ്രേഷ്ഠമായ പാരമ്പര്യങ്ങളിൽ അഭിമാനിക്കുന്ന മലങ്കര നസ്രാണികളുടെ കൂടി വരവിന്റെ വേദിയായി കണ്ട് ഏവരുടെയും സഹകരണം ഉണ്ടാകുമെന്ന പ്രതീക്ഷയോടെ...

❑

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

ലേഖനം

മാർത്തോമ്മൻ പൈതൃകം: ഒരു മഹാ സ്വാതന്ത്ര്യം

അഡ്വ. ബിജു ഉമ്മൻ

പ. മാർത്തോമ്മാ ശ്ലീഹാ ഭാരതമണ്ണിൽ സ്ഥാപിച്ച ക്രിസ്തുമാർഗ്ഗമാണ് മലങ്കര സഭ. നമ്മുടെ കർത്താവിന്റെ 12 അപ്പോസ്തോലന്മാരിൽ ഒരുവനിൽ നിന്ന് നേരിട്ട് സത്യവിശ്വാസവും മാമോദീസായും സ്വീകരിക്കുവാൻ ഭാഗ്യം ലഭിച്ച ലോകത്തിലെ അപൂർവ്വം ജനവിഭാഗങ്ങളിൽ ഒന്നാണ് മലങ്കര നസ്രാണികൾ എന്നത് തികച്ചും അഭിമാനകരമായ ഒരു വസ്തുതയാണ്. ലോകത്തിലെ ഒരു സഭയ്ക്കും മലങ്കരസഭയുടെ മാതൃത്വം അവകാശപ്പെടാനാവില്ല.

കാലപ്രവാഹത്തിൽ അപ്പോസ്തോലിക ഉൽപ്പത്തിയുള്ള മലങ്കരയിലെ ക്രിസ്തുമാർഗ്ഗം 'നസ്രാണി മാർഗ്ഗം' എന്നറിയപ്പെട്ടു. നസ്രാണി മാർഗ്ഗത്തിന്റെ അടിസ്ഥാനം മാർത്തോമ്മൻ പൈതൃകമാണ്. 'നിങ്ങൾക്ക് ക്രിസ്തുവിൽ പതിനായിരം ഗുരുക്കന്മാരുണ്ടെങ്കിലും പിതാക്കന്മാർ ഏറെയില്ല. ക്രിസ്തുയേശുവിൽ ഞാനല്ലോ നിങ്ങളെ സുവിശേഷത്തിൽ ജനിപ്പിച്ചത്.' (1 കൊരി. 4:15) എന്നാണല്ലോ പ. പൗലൂസ് ശ്ലീഹാ ഉദ്ബോധിപ്പിക്കുന്നത്. അത്തരം ഒരു ഓർമ്മപ്പെടുത്തൽ ആവശ്യമില്ലാത്തവിധം തീവ്രമായിരുന്നു 'ക്രിസ്തുവിൽ നമ്മെ ജനിപ്പിച്ച' പരിശുദ്ധ പിതാവായ മാർത്തോമ്മാ ശ്ലീഹായോടുള്ള മലങ്കര നസ്രാണികളുടെ ഭക്തി. ആ തോമാവബോധമാണ് ഇരുപത് നൂറ്റാണ്ടുകാലം മലങ്കര സഭയെ നിലനിർത്തിയത് എന്നു നി സംശയം പറയാം.

പ. മാർത്തോമ്മാ ശ്ലീഹായുടെ പ്രേഷിതവൃത്തി

നടന്ന ഒന്നാം ശതകത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നല്ല മാർത്തോമ്മൻ പൈതൃകം. ഈ നിമിഷവും നിലനിൽക്കുന്ന അനുസ്യൂതമായ ഒരു തുടർ പ്രക്രിയയാണ്. ഈ പ്രവാഹത്തിൽ ഉയർച്ചതാഴ്ചകൾ ഉണ്ടായിട്ടുണ്ട്. ബാഹ്യ സമ്മർദ്ദങ്ങളും ആഭ്യന്തര കലാപങ്ങളും ഉണ്ടായിട്ടുണ്ട്. അവയൊക്കയും ഇനിയും പ്രതീക്ഷിക്കാവുന്നതാണ്. ഈ സാഹചര്യങ്ങളിലൊക്കയും മലങ്കര നസ്രാണികളെ വീണു നിലംപരിശാവാതെ നിലനിർത്തിയ ഏറ്റവും പ്രധാന ഘടകം അവരുടെ കടുത്ത 'തോമാവബോധം' എന്ന മാർത്തോമ്മൻ പൈതൃകമാണ്.

കേരളത്തിൽ ചെറിയ തുരുത്തുകളായി മാത്രം നിലനിന്ന അപ്പോസ്തോലികമായ നസ്രാണി മാർഗ്ഗത്തിന് രാജകീയ പിൻബലമൊന്നും ഇല്ലായിരുന്നു. ലിഖിതമായ ചട്ടക്കൂടുകൾ ഒന്നും ഇല്ലാതിരുന്നിട്ടും ഈ സഭ നിലനിന്നത് മാർത്തോമ്മൻ പൈതൃകം എന്ന സുദൃഢമായ തന്തുവിനാൽ അതു ബന്ധിക്കപ്പെട്ടിരുന്നതിനാലാണ്. സ്വന്തമായി ഒരു മേല്പട്ടക്കാരൻ പോലും ഇല്ലാതിരുന്നിട്ടും പതിനഞ്ച് നൂറ്റാണ്ടുകാലം മലങ്കരസഭ ഒരു അപ്പോസ്തോലിക-എപ്പിസ്ക്കോപ്പൽ സഭയായി തുടർന്നത് മാർത്തോമ്മൻ പൈതൃകം എന്ന ഉറച്ച അടിസ്ഥാനത്തിൽ അത് പണിയപ്പെട്ടതിനാലാണ്. പട്ടത്വത്തിന് പേർഷ്യൻ സഭയുടെ സഹായം സ്വീകരിച്ചു പോന്നു. അതേസമയം അർക്കദിയാക്കോൻ എന്ന ജാതിക്കു തലവൻ, 'മലങ്കര പള്ളിയോഗം' എന്ന ജനപ്രതിനിധിസഭയുടെ സഹായത്തോടെ മലങ്കര നസ്രാണികളെ ഭരിച്ചു. തികച്ചും അനുരൂപമായ ഒരു സംവിധാനമായിരുന്നു അത്.

പക്ഷേ പതിനാറാം നൂറ്റണ്ടിലെ റോമൻ കത്തോലിക്കാ അധിനിവേശം മാറി ചിന്തിക്കാൻ മലങ്കര നസ്രാണികളെ പ്രേരിപ്പിച്ചു. തദ്ദേശീയരായ മെത്രാന്മാർ മാർത്തോമ്മൻ പൈതൃകത്തിന്റെ നിലനിൽപ്പിന് അനിവാര്യമാണന്ന് അവർ തിരിച്ചറിഞ്ഞു. അതിന്റെ ഫലമാണ് 1653-ലെ ഐതിഹാസികമായ കൂനൻ കുരിശുസത്യത്തിനു ശേഷം അന്നത്തെ ജാതിക്കു തലവനെ മാർത്തോമ്മാ ഒന്നാമൻ എപ്പിസ്ക്കോപ്പാ ആയി വാഴിച്ച് തദ്ദേശീയ മെത്രാൻ പരമ്പര സ്ഥാപിച്ചത്.



പതിനെട്ട് - പത്തൊമ്പത് നൂറ്റാണ്ടുകളിലെ ചില സംഭവ പരമ്പരകൾ കൂടുതൽ ആഴമായ ചിന്തിക്കാൻ നസ്രാണികളെ പ്രേരിപ്പിച്ചു. സഹായത്തിന്റെ ദൗത്യങ്ങൾ അധികാരത്തിന്റെ ഉരുക്കുമുഷ്ടികളായി മാറാൻ ശ്രമിച്ചതും സഭാവിജ്ഞാനീയത്തെക്കുറിച്ച് വികസിച്ചുകൊണ്ടിരുന്ന കാഴ്ചപ്പാടുകളുമായിരുന്നു ഇതിനു കാരണം. മാർത്തോമ്മൻ പൈതൃകം അഭംഗുരം നിലനിൽക്കണമെങ്കിൽ പരിശുദ്ധ സഭയ്ക്ക് പൂർണ്ണസ്വാതന്ത്ര്യം വേണം. മേൽപട്ടക്കാരെയും പരിശുദ്ധ മൂറോനും ആവശ്യാനുസൃതം അഭിഷേകം ചെയ്യാനുള്ള സ്ഥിരം സംവിധാനം പരിശുദ്ധ സഭയ്ക്കുണ്ടായിരിക്കണം. ആ ഉദ്ദേശം മുൻനിർത്തിയാണ് നിലവിലുള്ള സഭാവിജ്ഞാനീയത്തിന് ഉള്ളിൽ നിന്നുകൊണ്ടണ്ട്. 1912-ൽ മലങ്കരയിൽ പൗരസ്ത്യ കാതോലിക്കേറ്റ് സ്ഥാപിച്ചത്.

18-19 നൂറ്റാണ്ടുകളിലെ വിദേശ ഇടപെടലുകളാണ് 1889-ലെ തിരുവിതാംകൂർ റോയൽ കോടതി വിധിയിൽ കലാശിച്ചത്. ഈ സംഭവപരമ്പരകൾ മൂലം നൂറ്റാണ്ടുകളായി ലിഖിതമല്ലാത്ത കീഴ്വഴക്കങ്ങളെ മാത്രം അടിസ്ഥാനമാക്കി നടത്തിയിരുന്ന മലങ്കരസഭാ ഭരണവും മലങ്കര പള്ളിയോഗങ്ങളും കാലസ്ഥിതിക്കനുസരിച്ച് അപര്യാപ്തമാണെന്നു മലങ്കര നസ്രാണികൾക്ക് മനസിലായി. ഈ പശ്ചാത്തലത്തിലാണ് 1876-ൽ മുളന്തുരുത്തിയിൽ സമ്മേളിച്ച മലങ്കര പള്ളിയോഗം കൃത്യമായ ചട്ടക്കൂടോടെ മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനും അതിന്റെ മാനേജിംഗ് കമ്മറ്റിയും രൂപീകരിച്ചത്.

ആ വിധിപ്രകാരം മലങ്കരസഭയുടെ ഭരണാധികാരം മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷനിലും അതിന്റെ മാനേജിംഗ് കമ്മറ്റിയിലും നിക്ഷിപ്തമായി. അധികാരി സ്ഥാനത്ത് അസോസിയേഷൻ പ്രസിഡന്റ് കൂടിയായ പ. മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായ മലങ്കര മെത്രാപ്പോലീത്താ ആണെന്നതും കോടതി അംഗീകരിച്ചു.

ഈ വിധിയിൽ അസ്വസ്ഥരായവർ കോടതി ശരിവെച്ച മലങ്കര മെത്രാപ്പോലീത്തായുടെ അധികാരം ഒഴിഞ്ഞുകൊടുക്കാൻ ആവശ്യപ്പെട്ടു. പുലിക്കോട്ടിൽ ജോസഫ് മാർ ദീവന്നാസ്യോസ് അഞ്ചാമൻ മലങ്കര മെത്രാപ്പോലീത്തായും മാനേജിംഗ് കമ്മറ്റിയും ഈ ആവശ്യം നിരാകരിച്ചു. നിരന്തരമായ ഈ ഉദ്യമത്തിന്റെ പീഡനങ്ങൾ മുഴുവൻ ഏറ്റുവാങ്ങേണ്ടിവന്നത് അദ്ദേഹത്തിന്റെ പിൻഗാമിയായ പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് ആറാമൻ മലങ്കര മെത്രാപ്പോലീത്താ ആണ്.

തന്റെ ധിഷണാ പാടവത്തെ മുൻനിർത്തി പ. വട്ടശ്ശേരിൽ തിരുമേനിയ്ക്ക് മലങ്കര മല്പാൻ സ്ഥാനം നൽ കിയത് അന്ത്യോഖ്യാ പാത്രിയർക്കീസ് ആണ്. പക്ഷേ അദ്ദേഹത്തെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുത്തതു മുതൽ മുൻഗാമിയോടെന്നപോലെ മലങ്കരസഭയുടെ അധികാരം കൈമാറാനുള്ള കടുത്ത സമ്മർദ്ദവും പ്രലോഭനങ്ങളും അദ്ദേഹത്തിന്റെ മേൽ ഉണ്ടണ്ടായി. പക്ഷേ പ. സഭ ഏൽപ്പിച്ച ഉത്തരാവാദിത്വത്തിൽനിന്നും പിൻമാറാൻ അദ്ദേഹം തയാറായില്ല. അതിന് അദ്ദേഹം സഹിക്കേണ്ടണ്ടിവന്ന പീഡനങ്ങൾ അവർണ്ണനീയമാണ്. നിന്ദ, പരിഹാസം, മുടക്ക്, വധശ്രമം... ആ പട്ടിക നീ ളുന്നു. പക്ഷേ അവയെ എല്ലാം തരണം ചെയ്ത് അദ്ദേഹം സഭയെ വിജയ തുറമുഖത്ത് എത്തിച്ച് മലങ്കരസഭയുടെ സ്വാതന്ത്ര്യം നിലനിർത്തി. കാലം ചെയ്ത് തൊണ്ണൂറു വർഷം പിമ്പിടുമ്പോഴും അദ്ദേഹം നേരിടുന്ന ഭർത്സനങ്ങൾ ആ ത്യാഗത്തിന്റ വ്യാപ്തി എത്രയെന്നും അധികാര മോഹികളുടെ നിരാശയുടെ ആഴം എത്രയെന്നും വ്യക്തമാക്കുന്നു.

പരിശുദ്ധ സഭയുടെ സത്യവിശ്വാസത്തിലുള്ള നിലനി ൽപ്പിനായി ആണ് പ. പിതാക്കന്മാർ കാലാകാലങ്ങളിൽ പ. സുന്നഹദോസുകളിലൂടെ പ. സഭയുടെ കാനോനുകൾക്ക് രൂപം കൊടുത്തത്. ആ പാരമ്പര്യപ്രകാരമാണ് 1876–ലെ മുളന്തുരുത്തി സുന്നഹദോസ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ രൂപീകരിച്ചത്. അസോസിയേഷൻ നിയമാവലിക്ക് വ്യക്തത വരുത്തുവാനും പുതിയ ചട്ടങ്ങൾ രൂപികരിക്കുവാനും ഉള്ള അധികാരം അസോസിയേഷനിൽ ത്തന്നെ നിക്ഷ്പ്തമാണ്.

മലങ്കര സഭയുടെ നിലനില്പ്പിനും കാല–ദേശോചിതമായ സുഗമമായ പ്രവർത്തനത്തിനും കൂടുതൽ വ്യക്തമായ ഒരു ചട്ടക്കൂട് അനിവാര്യമാണെന്ന തിരിച്ചറിവിന്റെ ഫലമായാണ് മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ 1934 ഡിസംബർ 26–ന് മലങ്കര സഭാ ഭരണഘടന പാസാക്കിയത്. മാർത്തോമ്മൻ പൈതൃകം എന്ന സ്വാതന്ത്ര്യത്തിന്റെ ആണിക്കല്ലായ കാതോലിക്കേറ്റിന്റെ പദവിക്ക് ഇത് വ്യക്തത വരുത്തി. ഇടവക മുതൽ കാതോലിക്കേറ്റ് വരെയുള്ള ഭരണ സംവിധാനങ്ങൾ നിയതമാക്കി. മലങ്കര നസ്രാണികളുടെ പരമ്പരാഗതമായ ജനാധിപത്യത്തേയും എപ്പിസ്ക്കോപ്പസിയേയും സമഞ്ജസിപ്പിച്ച മലങ്കരസഭാ ഭരണഘടനയ്ക്ക് മഹത്തായ ഇന്ത്യൻ ഭരണഘടനയേക്കാൾ 26 വയസ് പ്രായക്കൂടുതൽ ഉണ്ടെള്ളതിൽ നമുക്ക് അഭിമാനിക്കാം.

പ. മാർത്തോമ്മാ ശ്ലീഹാ ഭാരതമണ്ണിൽ രക്തസാക്ഷിത്വം പ്രാപിച്ചതിന്റെ 1950–ാം വാർഷികാചരണത്തിന്റെ മദ്ധ്യത്തിലാണ് മലങ്കര നസ്രാണികൾ. മാർത്തോമ്മൻ പൈതൃകം അനസ്യൂതം നിലനിൽക്കുകയാണ്. അതിന്റെ ചക്രവാളങ്ങൾ വികസിക്കുകയാണ്. കാലദേശങ്ങൾക്കനുസരിച്ച് അതിൽ പരിവർത്തനങ്ങൾ ഉണ്ടണ്ടാകാം. മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പൈതൃകം അവരുടെ ഉറച്ച തോമാവബോധത്തിലൂടെ എക്കാലവും നിലനിൽക്കും. അതാവും അവരെ നിലനിർത്തുക.

❑

വിപുലമായ പാർക്കിംഗ് ക്രമീകരണങ്ങൾ

‘മാർത്തോമ്മൻ പൈതൃക സംഗമം’ മഹാസമ്മേളനത്തിൽ പങ്കെടുക്കുവാൻ എത്തുന്ന വാഹനങ്ങൾക്ക് വിപുലമായ സൗകര്യങ്ങളാണ് ക്രമീകരിച്ചിട്ടുള്ളത്.

പാർക്കിംഗ്: സുൽത്താൻ ബത്തേരി മുതൽ വടക്കുനിന്നു വരുന്ന വലിയ വാഹനങ്ങൾ (ആദ്യം വരുന്നവ) ബേക്കർ ജംഗ്ഷനിൽ ആളെ ഇറക്കി പഴയ സെമിനാരിയിൽ പാർക്ക് ചെയ്യേണ്ടതും, തുടർന്നുള്ള വാഹനങ്ങൾ, നാഗമ്പടത്ത് ആളെ ഇറക്കി നാഗമ്പടം ക്ഷേത്ര മൈതാനം, എസ്.എച്ച്. മൗണ്ട് സ്കൂൾ മൈതാനം, എന്നിവിടങ്ങളിലും പാർക്ക് ചെയ്യേണ്ടതാണ്.

തെക്കുനിന്നു വരുന്ന വാഹനങ്ങൾ (ആദ്യം വരുന്നവ) മണിപ്പുഴ ജംഗ്ഷനിൽ നിന്ന് തിരിഞ്ഞ് ഈരയിൽ കടവ് ബൈപ്പാസ് റോഡിലൂടെ ഈരയിൽ കടവിൽ ആളെ ഇറക്കി റോഡിൽ പാർക്ക് ചെയ്യേണ്ടതും തുടർന്ന് വരുന്ന വാഹനങ്ങൾ കോടിമത മാർക്കറ്റ് റോഡിൽ ആളെ ഇറക്കി പാർക്ക് ചെയ്യണം.

കിഴക്ക് നിന്ന് വരുന്ന വാഹനങ്ങൾ (ആദ്യം വരുന്നവ) ഈസ്റ്റ് പോലീസ് സ്റ്റേഷൻ എതിർവശം ആളെ ഇറക്കി പാർക്ക് ചെയ്യണം. തുടർന്നുള്ള വാഹനങ്ങൾ കളക്ടറേറ്റിന് സമീപം ആളെ ഇറക്കി പോലീസ് പരേഡ് ഗ്രൗണ്ടിൽ സമീപത്തു കൂടി കഞ്ഞിക്കുഴിയിൽ എത്തി ദേവലോകം മാർ ബസേലിയോസ് പബ്ലിക് സ്കൂൾ മൈതാനത്ത് പാർക്ക് ചെയ്യണം.

തുടർന്ന് വരുന്ന വാഹനങ്ങൾ കഞ്ഞിക്കുഴിയിൽ ആളെ ഇറക്കണം. ചെറു വാഹനങ്ങൾ കോട്ടയം കുര്യൻ ഉതുപ്പ് റോഡിൽ ഇൻഡോർ സ്റ്റേഡിയത്തിലും, സ്വർഗീയ വിരുന്ന് മൈതാനിയിലും കോട്ടയം എം.ടി. സെമിനാരി, എം.ഡി സെമിനാരി മൈതാനിയിലും പാർക്കിംഗ് ക്രമീകരിച്ചിട്ടുണ്ട്.



പഴയസെമിനാരിയിൽ പരിശുദ്ധ വട്ടശ്ശേരിൽ തിരുമേനിയുടെ നവതി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്ത് പ. മാത്യൂസ് തൃതീയൻ കാതോലിക്കാ ബാവ തിരി തെളിയിക്കുന്നു.



മർത്തൊമ്മൻ സംഗമത്തിന്റെ വിളമ്പര റാലിക്കു മണർകാട്ട് ഉജ്ജ്വല സ്വീകരണം. മണർകാട് ദേവീക്ഷേത്രം ഭാരവാഹികളുടെയും ക്ഷേത്ര സംരക്ഷണസമിതിയുടെയും നാട്ടുകാരുടെയും സംയുക്ത ആഭിമുഖ്യത്തിൽ ക്ഷേത്രത്തിന്റെ പടിക്കൽ കത്തിച്ച നിലവിളക്കുമായി പുഷ്പ ഹാരമണിയിച്ചു സ്വീകരിച്ചു. ഡോ. യൂഹാനോൻ മാർ ദീയസ്കൊറോസ് നന്ദി പറഞ്ഞു.



ഫാ. ഡോ. ജോൺ തോമസ് കരിങ്ങാട്ടിൽ
(പ്രൊഫ. ഓർത്തഡോക്സ് സെമിനാരി, കോട്ടയം)

മാർത്തോമ്മൻ പൈതൃകവും കാതോലിക്കേറ്റും

> **മലങ്കരയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ കാതോലിക്കാ സ്ഥാനവും സ്വയംഭരണത്തിന്റെയും ദേശീയതയുടെയും പൗരാണികതയുടെയും പ്രതീകമായ മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും സംയോജിപ്പിച്ചത് 1934 മുതൽ ആണ്. ഇത് മലങ്കരയിൽ കാതോലിക്കേറ്റിന്റെ മഹത്വവും സമ്പൂർണ്ണമായ ഉൾഭരണസ്വാതന്ത്ര്യവും ഉറപ്പിക്കുന്നു.**

മാർത്തോമ്മൻ പൈതൃകം മലങ്കര സഭയുടെ മുഖമുദ്രയാണ്. ദേശിയ -തദ്ദേശിയ സംസ്കാര ധാരകളിൽ വളർന്ന പാരമ്പര്യമാണ് മാർത്തോമ്മ ക്രിസ്ത്യാനികൾക്കുള്ളത്. മാർത്തോമ്മാശ്ലീഹായാൽ സ്ഥാപിതമായ ഭാരതസഭയുടെ നസ്രാണി പാരമ്പര്യത്തിൽ വളർന്ന് വികസിച്ച സുറിയാനി ക്രിസ്ത്യാനികളാണ് മലങ്കര നസ്രാണികൾ അഥവാ സെന്റ് തോമസ് ക്രിസ്ത്യാനികൾ. ആരാധനയിലുള്ള സുറിയാനി ഭാഷാപാരമ്പര്യമാണ് *സുറിയാനി ക്രിസ്ത്യാനികൾ* എന്ന വിളിപ്പേരിന് ആധാരം.

സാംസ്കാരികമായി തദ്ദേശിയവും ഭരണപരമായി സ്വയംഭരണ സ്വാതന്ത്ര്യവും ആദ്ധ്യാത്മികമായി പൗരസ്ത്യ സ്വഭാവവും സാമുദായികമായി മതസൗഹാർദ്ദവും പുലർത്തിയ മലങ്കര സഭാ പാരമ്പര്യത്തിലേക്ക് പതിനഞ്ചാംനൂറ്റാണ്ടിൽ പാശ്ചാത്യ ക്രൈസ്തവ സന്ദർശകരും പതിനാറാം നൂറ്റാണ്ടിൽ കത്തോലിക്കാ മിഷനറിമാരും പ്രവേശിച്ചു. എന്നാൽ പൗരസ്ത്യ സുറിയാനി പാരമ്പര്യത്തിൽ തദ്ദേശീയമായി നിലനിന്ന മലങ്കരസഭയെ റോമൻ സഭയോടു ചേർക്കുവാൻ ശ്രമിച്ചപ്പോൾ വൈദേശിക അധിനിവേശത്തെയും ആധിപത്യത്തെയും നഖശിഖാന്തം പ്രതിരോധി







മാർത്തോമൻ പൈതൃകത്തിന്റെ ദൃശ്യത യാണ് മലങ്കരയിലെ കാതോലിക്കേറ്റ്. ഇത് ദേശീയതയും സ്വയശീർഷകത്വവുമുള്ള മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനമാണ്. മലങ്കര നസ്രാണികളുടെ സ്വത്വബോധത്തിന്റെ അടിസ്ഥാനം മാർത്തോമ്മൻ പൈതൃക മാണ്.

ക്കുവാനുള്ള ധാർമ്മിക ചങ്കുറ്റം ഈ നസ്രാണി സമൂഹത്തിനുണ്ടായി. 1599 ലെ ഉദയംപേരൂർ സുന്നഹദോസും അനന്തര ഫലമായിട്ടുണ്ടായ 1653 ലെ കൂനൻകുരിശ് സത്യവും മലങ്കര നസ്രാണികളുടെ



സ്വാതന്ത്ര്യത്തിനും അഖണ്ഡതയ്ക്കുമുള്ള പ്രതിരോധമുന്നേറ്റം വിളിച്ചറിയിക്കുന്നതാണ്. ലത്തീൻവൽക്കരണവും ആംഗ്ലിക്കൻവൽക്കരണവും പാശ്ചാത്യ സുറിയാനിവൽക്കരണവും മലങ്കര നസ്രാണികളുടെ സ്വത്വത്തെ വിവിധ തരത്തിൽ ശിഥിലമാക്കിയെങ്കിലും മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പൈതൃക സിദ്ധാന്തത്തിൽ നിറയുന്നത് അധിനിവേശ വിരുദ്ധ ചരിത്രമാണ്. മലങ്കര നസ്രാണി പൈതൃക വഴികൾ വിളമ്പരം ചെയ്യുന്നത് നസ്രാണികളുടെ സ്വാതന്ത്ര്യബോധവും തദ്ദേശീയമായ സ്വത്വദർശനവുമാണ്.

നിരവധി അഗ്നിപരീക്ഷണങ്ങളെ അതിജീവിച്ച മലങ്കരസഭ അതിന്റെ സ്വതന്ത്രവും തദ്ദേശീയവും ശ്ലൈഹികവും സ്വയം ശീർഷകവുമായ പൈതൃകത്തെ പരിരക്ഷിച്ച് ആരാധനയിലും വിശ്വാസത്തിലും പൗരസ്ത്യ ഓർത്തഡോക്സ് തനിമ സംരക്ഷിക്കുന്നു. ഭാരതത്തിലെ സാമുദായിക സംഘടനകൾ രൂപപ്പെടുന്നതിനു മുമ്പേ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ പാർലമെന്റ് എന്നു വിശേഷിപ്പിക്കുന്ന *മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ* 1875-ൽ രൂപീകൃതമായി. എപ്പിസ്കോപ്പസിയും ജനാധിപത്യവും സമന്വയിപ്പിച്ചുള്ള ഭരണ സംവിധാനത്തിന്റെ അടിത്തറയിലാണ് സഭ നിലനിൽക്കുന്നത്. ഭാരതത്തിന് സ്വന്തമായ ഭരണഘടന രൂപപ്പെടുന്നതിന് മുമ്പേ ജനാധിപത്യ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുള്ള ഭരണഘടന 1934-ൽ മലങ്കര സഭയ്ക്ക് ഉണ്ടായി. ഇത് ഭാരതത്തിന്റെ പരമോന്നത നീതി പീഠമായ സുപ്രീംകോടതി 1995ൽ അംഗീകരിച്ച് ഉറപ്പിച്ചു. മലങ്കരസഭയെ നയിച്ച പേർഷ്യൻ മെത്രാന്മാരും (-1599), മലങ്കര മെത്രാന്മാരും (1653-1815) *മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനമെന്ന്* ഉപയോഗിച്ചിട്ടുള്ളത് മലങ്കര നസ്രാണികളുടെ മാർത്തോമ്മൻ പൈതൃകത്തിന്റെ വിശാലത വെളിപ്പെടുത്തുന്നു.



മലങ്കരസഭയുടെ എക്കാലത്തുമുള്ള മഹത്തായ മാർത്തോമ്മൻ പാരമ്പര്യം എല്ലാ സമുദായിക സമൂഹങ്ങളോടും സാഹോദര്യ സഹവർത്തിത്വത്തിൽ കഴിയുന്ന ദർശനമാണ്. എന്നാൽ സഭയുടെ സ്വാതന്ത്ര്യവും തനിമയും അഭംഗുരം സംരക്ഷിക്കപ്പെടുവാനും നൂറ്റാണ്ടുകളായി മലങ്കര നസ്രാണികൾ കൈമാറിയ മാർത്തോമ്മൻ പൈതൃക വേരുകൾ പരിരക്ഷിക്കുവാനും മലങ്കര സഭാംഗങ്ങൾ എക്കാലവും പ്രതിജ്ഞാബദ്ധമാണ്. എല്ലാ സഭകളോടും ഹൃദ്യമായ എക്യുമെനിക്കൽ ബന്ധവും ഇതരമതങ്ങളോട് സഹിഷ്ണുതാ മനോഭാവവും പുലർത്തുന്ന മലങ്കരസഭ രാഷ്ട്രനിർമ്മാണ പ്രവർത്തനങ്ങൾക്കും വികസനത്തിനും എന്നും ശക്തി പകരുന്നു.

മലങ്കര നസ്രാണി സമൂഹത്തിന്റെ സ്വാതന്ത്ര്യപോരാട്ടങ്ങൾക്കും സഭയുടെയും സമൂഹത്തിന്റെയും വിവിധ നവോത്ഥാന പ്രവർത്തനങ്ങൾക്കും എന്നു ധീരമായ നേതൃത്വം നൽകിയിട്ടുണ്ട്. സഭകളുടെ ദേശീയവും അന്തർദേശീയവുമായ വേദികളിൽ മലങ്കര സഭയുടെ ശക്തമായ സാന്നിധ്യവും പങ്കാളിത്തവും ഉണ്ട്. മതസൗഹാർദ്ദവും സാഹോദര്യവും തകർക്കുന്ന കർമ്മപദ്ധതിയും മതപരിവർത്തനവും മലങ്കര നസ്രാണിയുടെ ദൗത്യചരിത്രത്തിലില്ല. മലങ്കരസഭയുടെ ജീവിത സാക്ഷ്യം തദ്ദേശീയ സംസ്ക്കാരത്തിലും പാരമ്പര്യത്തിലും അനുഷ്ഠാനങ്ങളിലും ലയിച്ചിരുന്നു. ആരാധനയിലും സാക്ഷ്യജീവിതത്തിലും കേന്ദ്രീകൃതമായ ദൗത്യം നിർവ്വഹിച്ച വിശ്വാസ സമൂഹത്തെയാണ് ചരിത്രം അടയാളപ്പെടുത്തുന്നത്.

മലങ്കരസഭയുടെ വിശ്വാസവും പാരമ്പര്യവും പ്രതിഫലിക്കുന്നത് *വിശ്വാസസമൂഹത്തിലൂ*ടെയാണ്. അത് വിവിധ സാംസ്കാരിക പൈതൃകത്തിൽ



അധിഷ്ഠിതവുമാണ്. അതിനാൽ ഇടവക സാക്ഷികളുടെ സമൂഹമാണ്. വിശ്വാസികൾ ക്രിസ്തുവിനെ ആരാധനാ ജീവിതത്തിലൂടെ അനുഭവിച്ചറിഞ്ഞ് സാക്ഷ്യം വഹിക്കണം. സാമൂഹ്യ പ്രതിബദ്ധതയോടെ വിശുദ്ധിയിലേക്ക് വളരുന്ന നീതിയും സാകല്യവും സ്നേഹവുമുള്ള തീർത്ഥാടന സമൂഹമാകുന്നു സഭ.

മാർത്തോമൻ പൈതൃകത്തിന്റെ ദൃശ്യതയാണ് മലങ്കരയിലെ കാതോലിക്കേറ്റ്. ഇത് ദേശീയതയും സ്വയശീർഷകത്വവുമുള്ള മാർത്തോമ്മാശ്ലീഹായുടെ പൗരസ്ത്യ സിംഹാസനമാണ്. മലങ്കര നസ്രാണികളുടെ സ്വത്വബോധത്തിന്റെ അടിസ്ഥാനം മാർത്തോമ്മൻ പൈതൃകമാണ്. ഈ നസ്രാണിത്വത്തിന്റെ ചരിത്രപരമായ പിന്തുടർച്ച മലങ്കരയിൽ ഓർത്തഡോക്സ് കാതോലിക്കേറ്റിൽ മാത്രമാണ്. 1912-ലെ കാതോലിക്കേറ്റ് സ്ഥാപനം നസ്രാണികളുടെ സ്വയംനിർണ്ണയത്തിന്റെയും സ്വയംഭരണത്തിന്റെയും സുദീർഘമായ പാതയിലെ സ്വാതന്ത്ര്യത്തിന്റെ യുഗപ്പിറവിയാണ്.

മലങ്കര നസ്രാണികളുടെ സ്വത്വവും അധിനിവേശവിരുദ്ധ പോരാട്ട വേരുകളും മാർത്തോമ്മൻ പൈതൃകത്തിന്റെ ഭാഗമാണ്. പതിനഞ്ചു നൂറ്റാണ്ട് മലങ്കര നസ്രാണികൾ പരിരക്ഷിച്ച പവിത്രമായ സ്വാതന്ത്ര്യവും തനിമയുമാണ് 1599ലെ ഉദയംപേരൂർ സുന്നഹദോസിൽ ചോദ്യം ചെയ്യപ്പെട്ടത്. ഇതിനെ പ്രതിരോധിച്ച് ദേശീയതയ്ക്കും സ്വാതന്ത്ര്യത്തിനുമായി മലങ്കര നസ്രാണികൾ പോരാടി. ഇത് 1653-ൽ നടന്ന കൂനൻകുരിശു സത്യത്തിലൂടെ ദേശീയ സ്വത്വത്തിലേക്ക് വളർന്നു. നാലു പതിറ്റാണ്ടിലധികം (1599-1912) മലങ്കര നസ്രാണികൾ നടത്തിയ അധിനിവേശവിരുദ്ധ പോരാട്ടത്തിന്റെ അന്തിമവിജയമായിരുന്നു 1912-ൽ നിരണത്തുനടന്ന കാതോലിക്കാ സ്ഥാപനം.

മലങ്കരയുടെ സ്വാതന്ത്ര്യത്തിന്റെ പ്രതീകമായ കാതോലിക്കാ സ്ഥാനവും സ്വയംഭരണത്തിന്റെയും ദേശീയതയുടെയും പൗരാണികതയുടെയും പ്രതീകമായ മലങ്കര മെത്രാപ്പോലീത്താ സ്ഥാനവും സംയോജിപ്പിച്ചത് 1934 മുതൽ ആണ്. ഇത് മലങ്കരയിൽ കാതോലിക്കേറ്റിന്റെ മഹത്വവും സമ്പൂർണ്ണമായ ഉൾഭരണസ്വാതന്ത്ര്യവും ഉറപ്പിക്കുന്നു. പിന്നീട് പുരാതനമായ 'മാർത്തോമ്മാ സിംഹാസന' പ്രതിനിധിയായ മലങ്കരമെത്രാപ്പോലീത്താ സ്ഥാനവും കാതോലിക്കാ സ്ഥാനവും ഒരാളിൽ കേന്ദ്രീകൃതമായി. 1958-ലും 1995-ലും 2002-ലും 2017-ലും ഉണ്ടായ സുപ്രീംകോടതി വിധികൾ ഈ സ്ഥാനങ്ങൾ ചോദ്യം ചെയ്യപ്പെടുവാൻ കഴിയാത്തവിധം ഉറപ്പിച്ചു പ്രഖ്യാപിച്ചു. മലങ്കരയിലെ കാതോലിക്കേറ്റ് സഭയിൽ സ്വതന്ത്രമായി വികസിച്ചു വളർന്ന മാർത്തോമൻ പൈതൃക ചരിത്രമാണ് വെളിപ്പെടുത്തുന്നത്. കോട്ടയത്ത് നടക്കുന്ന മാർത്തോമൻ പൈതൃക സംഗമം മലങ്കര സഭയുടെ ദേശീയ തനിമയും സ്വാതന്ത്ര്യവും സ്വത്വബോധവും അടയാളപ്പെടുത്തുന്ന മഹത്തായ സാക്ഷ്യമാകും.

●

ചരിത്രരേഖ

എഴുത്തുകളുടെ നമ്പർ ബുക്ക്

പ. ഗീവർഗീസ് മാർ ദീവന്നാസ്യോസ് വട്ടശ്ശേരിൽ

പ. വട്ടശ്ശേരിൽ ഗീവർഗീസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായുടെ 1923-ലെ കല്പനകളുടെ നമ്പർ ബുക്ക്.

287. വീയപുരത്ത് എരതോടു പള്ളി. ശീമയ്ക്കുള്ള യാത്രയെ സംബന്ധിച്ചും തൽസംബന്ധമായ പണപ്പിരിവിനെക്കുറിച്ചും. മേടം 7-നു പരുമല സിമ്മനാരിയിൽ നിന്നും.

288. ഉളകാട്ടിൽ പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

289. കുമ്പഴെ കിഴക്കേ പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

290. പ്രക്കാനത്തു പുത്തൻപള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

291. ഇറക്കൂർ പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

292. മണ്ണാരക്കുളഞ്ഞി പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

293. കൊടുമൺ പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

294. കിഴക്കുപുറത്തു പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

295. കുമ്പഴെ പടിഞ്ഞാറെ പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

296. കോന്നി വടക്കേക്കര പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

297. മൈലപ്ര പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

298. വടക്കേടത്തു ഗീവർഗീസു കത്തനാർക്കു. ശീമയ്ക്കുള്ള യാത്രയെ സംബന്ധിച്ചും പണപ്പിരിവുകാര്യം സംബന്ധിച്ചും. മേടം 7-നു. ടി. സ്ഥലം.

299. ശ്രീനിവാസയ്യങ്കാർക്ക്. ശീമയ്ക്കുള്ള യാത്രയെ സംബന്ധിച്ചും തരാനുള്ള (500 രൂപ) താമസിയാതെ കെ. സി. ഈപ്പൻ തന്ന മേൽവിലാസത്തിൽ അയച്ചുതരണമെന്നും കാണിച്ച് ഇംഗ്ലീഷിൽ എഴുതി അയച്ചു. 7-നു പരുമല.

300. തേരകത്ത് ചെറിയാന്. ശീമയ്ക്കുള്ള യാത്രയെക്കുറിച്ചും പണപിരിവിനെക്കുറിച്ചും. മേടം 8-നു ടി സ്ഥലം.

301. തിരുവനന്തപുരം സുറിയാനി പള്ളിക്കാർക്കു. ശീമയാത്രയെ സംബന്ധിച്ചും പണപിരിവിനെക്കുറിച്ചും. മേടം 8-നു ടി സ്ഥലം.

302. കരവട്ടുവീട്ടിൽ ശീമോൻ ശെമ്മാച്ചനു വർത്തമാനങ്ങളെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

303. പി. സി. നൈനാൻ കത്തനാർക്കു. ശീമ യാത്രയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

304. മട്ടയ്ക്കൽ മല്പാന്. ശീമയ്ക്കുള്ള യാത്രയെപ്പറ്റിയും പണപിരിവു സംബന്ധിച്ച് വേണ്ട ഉത്സാഹം ചെയ്യണമെന്നും മറ്റും.

305. കെ. സി. ഈപ്പനു. ശീമയാത്രയ്ക്കുള്ള പാസ്പോർട്ട് മുതലായവയെക്കുറിച്ചും പള്ളിയ്ക്കുള്ള ഒരു കല്പന അയക്കുന്നു എന്നും മറ്റും. മേടം 8-നു പരുമല സിമ്മനാരി.

306. കെ. എം. മാത്തുള്ള മാപ്പിളയ്ക്കു. ടിയാന്റെ മകളുടെ കല്യാണത്തിൽ മംഗളം ആശംസിച്ച്. ടി തീയതി. ടി സ്ഥലം.

307. ചേപ്പാട്ടു പള്ളിക്കാർക്കു. ശീമയാത്രയെ സംബന്ധിച്ചും പണപിരിവിനെക്കുറിച്ചും. മേടം 8-നു പരുമല.

308. വെള്ളിക്കുന്നത്തു പള്ളിക്കാർക്കു. ടി സംഗതി. ടി. തീയതി. ടി. സ്ഥലം.

309. കൊറ്റമ്പള്ളി പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

310. കറ്റാനത്തു പുത്തൻപള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

311. കായങ്കുളം പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

312. കറ്റാനത്തു പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.



313. ചുനക്കര പള്ളിക്കാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

314. കെ. ജി. ലൂക്കായ്ക്കു. ശീമയാത്രയെ സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

315. ഉപ്പൂട്ടിൽ ഇട്ടിക്കുര്യനും എറികാട്ട് കല്ലറയ്ക്കൽ കുഞ്ചപ്പനും കൂടി. ശീമയാത്രയെ സംബന്ധിച്ച്. മേടം 10-നു. ടി സ്ഥലം.

316. എറികാട്ടു കൊച്ചു കുഞ്ചപ്പനു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

317. പാറേട്ടു മാത്യൂസ് കത്തനാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

318. മുറന്തൂക്കിൽ മാത്തു കത്തനാർക്കു. കോനാട്ടു മല്പാന്റെ എഴുത്തിനെ സംബന്ധിച്ചും ശീമയാത്രയെക്കുറിച്ചും.

319. മട്ടയ്ക്കൽ മല്പാനു. ശീമയാത്രയെക്കുറിച്ചും. ടി തീയതി. ടി സ്ഥലം.

340. ഇലഞ്ഞിമൂട്ടിൽ കണ്ടത്തി ഈപ്പൻ കൊച്ചീപ്പനു. ടിയാന്റെ അപ്പന്റെ അടിയന്തിരം സംബന്ധിച്ചും മറ്റും. മേടം 12-നു പരുമല നിന്നും.

341. പുതുമഠത്തിൽ വർഗീസിന്. ടിയാന്റെ മകന്റെ കല്യാണത്തിനു മംഗളം ആശംസിച്ച്. മേടം 12-നു ടി സ്ഥലം.

342. ചുങ്കത്തു വറീതു ഇയ്യു. വർത്തമാനങ്ങൾക്കും ബ്രിട്ടീഷ് കോർട്ടിൽ കേസു കൊടുക്കാൻ മിക്കവാറും തീർച്ചപ്പെടുത്തി എന്നും കോട്ടയം സിമ്മനാരിയിൽ എതിർകക്ഷികൾ പ്രവേശിച്ചുകൂടാ എന്ന് ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ഉത്തരവിട്ടിരിക്കുന്നു എന്നും മറ്റും. മേടം 15-നു. ടി സ്ഥലം.

343. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. ടി സംഗതി. ടി തീയതി. ടി സ്ഥലം.

344. ചാണ്ടി ഉപദേശിക്കു. ശീമയാത്രയെ സംബന്ധിച്ചും കോട്ടയം സിമ്മനാരിയിൽ എതിർകക്ഷികൾ പ്രവേശിച്ചു കൂടാ എന്ന് ഡിസ്ട്രിക്ട് മജിസ്ട്രേറ്റ് ഉത്തരവിട്ടതിനെക്കുറിച്ചും മറ്റും.

345. ചാക്കോ സൂപ്രണ്ടിനു. അയച്ചുതന്ന രൂപാ 110-ഉം കിട്ടിയെന്നും വർത്തമാനങ്ങൾക്കും മറ്റും. മേടം 15-നു പരുമല സിമ്മനാരി.

346. ഇ. ജെ. ജോൺ വക്കീലിനു. ഇത്രടം ഒന്നു വന്നു ചേരണമെന്നു. മേടം 17-നു. ടി സ്ഥലം.

347. പഴപൂമാലിൽ പാപ്പിക്കു. ഒരു പ്രമാണവും വക്കാലത്തും ഒപ്പിട്ടു കൊടുക്കുന്നതിനു. മേടം 17-നു. ടി സ്ഥലം.

348. കെ. സി. ഈപ്പൻ ബി.എ. യ്ക്കു. ശീമയാത്രയെ സംബന്ധിച്ചും സിമ്മനാരിയിൽ എതിർകക്ഷികൾ പ്രവേശിക്കുന്നതിന് ഒരുമ്പെടുന്നതിനെയും മറ്റും കുറിച്ച്.

349. ചെറുവത്തൂർ മാത്തു ഉതുപ്പ്. ശീമയാത്രയെ സംബന്ധിച്ചും മറ്റും. മേടം 17-നു. ടി സ്ഥലം.

350. എ. ഐ. ഇയ്യപ്പനു. വർത്തമാനങ്ങൾക്കും ബ്രിട്ടീഷ് കോർട്ടിൽ കേസു കൊടുക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നതിനെക്കുറിച്ചും ശീമയാത്ര സംബന്ധിച്ചും മറ്റും. മേടം 17-നു പരുമല സിമ്മനാരി.

351. എം. വർക്കി ഇട്ടിച്ചെറിയ ബി.എ. ബി.എൽ. മകന്റെ കല്യാണത്തിനു മംഗളം ആശംസിച്ച്. ടി തീയതി. ടി സ്ഥലം.

352. കാരുവേലിൽ പുത്തൻപുരയിൽ കുഞ്ചെറിയ. ശീമയാത്രയെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

353. കല്ലറയ്ക്കൽ പി. കൊച്ചുകോര തരകനു. ടിയാന്റെ പിതാവിന്റെ മരണത്തിൽ അനുശോചിച്ചു ആത്മാനുകൂലാർത്ഥം പ്രാർത്ഥിക്കുന്നു എന്നു. ടി തീയതി. ടി സ്ഥലം.

354. പി. കെ. ഇട്ടിമാത്തു. ശീമയാത്ര, കേസ് ബ്രിട്ടീഷ് കോർട്ടിൽ കൊടുക്കാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു എന്നുള്ളതിനെയുംകുറിച്ച്. ടി തീയതി. ടി സ്ഥലം.

355. എണ്ണശ്ശേരിൽ യോഹന്നാൻ കത്തനാർ. ശീമയാത്ര സംബന്ധിച്ചും പണപ്പിരിവ് ഇവയെ സംബന്ധിച്ചും പണം ഉടനെ അയച്ചുതരണമെന്നും. മേടം 17-നു ടി സ്ഥലം.

356. പനയമ്പാല പള്ളിക്കാർക്കു. ടി പള്ളി വകയിൽ നിന്നും മുതൽപിടിക്കാരൻ എളങ്കാവിങ്കൽ അവിരാ വശം കൊടുത്തയച്ച രൂപാ ഇരുപത്തഞ്ചും ഇവിടെ കിട്ടിയെന്നും മറ്റും. മേടം 17-നു. ടി സ്ഥലം.

357. മാവേലിക്കര വിലനിലത്തു മൂപ്പച്ചനു. മാവേലിക്കര പുതിയകാവു പള്ളിയിൽ നിന്നും അയച്ചുതന്ന 20 രൂപ 19 ചക്രവും പൈനുംമൂട്ടിൽ പള്ളിയിൽ നിന്നും അയച്ചുതന്ന 2 രൂപയും ഇവിടെ കിട്ടി എന്നും ശീമയാത്രയെക്കുറിച്ചും യാത്രച്ചെലവു വകയ്ക്കുള്ള പണം ഉടനെ കൊണ്ടുവരണമെന്നും മറ്റും.

358. ചെങ്ങന്നൂർ പുത്തൻകാവു മുതലായ പള്ളിക്കാർക്കു. ശീമയാത്രയ്ക്കുള്ള പണപിരിവിന് പുലിക്കോട്ടിൽ യൗസേഫ് ശെമ്മാശനെയും (പിന്നീടു കത്തോലിക്കാ സഭയിൽ ചേർന്നു - എഡിറ്റർ) കിഴക്കേത്തലയ്ക്കൽ ഗീവറുഗീസു ശെമ്മാശനെയും (പിന്നീട് പുത്തൻകാവ് ഗീവറുഗീസ് മാർ പീലക്സീനോസ് - എഡിറ്റർ) അങ്ങോട്ടയയ്ക്കുന്നു. മേടം 19-നു പരുമല സിമ്മനാരിയിൽ നിന്നും.

359. മാവേലിക്കര, ചേപ്പാട്, കാർത്തികപ്പള്ളി, കായങ്കുളം മുതലായ പള്ളിക്കാർക്കു ടി കാര്യത്തിന് തേവർവേലിൽ യൗസേഫു ശെമ്മാശനെയും അയിരൂർ അബ്രഹാം ശെമ്മാശനെയും അങ്ങോട്ടയയ്ക്കുന്നു എന്നും മറ്റും. ടി തീയതി. ടി സ്ഥലം.

360. ചിറക്കടവിൽ സി. പാപ്പിക്ക്. സിമ്മനാരിയുടെ കൈവശത്തെ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

361. പാലപ്പള്ളിൽ പൗലൂസു കത്തനാർക്കു. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

362. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങളെക്കുറിച്ചു. ടി തീയതി. ടി സ്ഥലം.

363. പനങ്കുഴിയിൽ അബ്രഹാം കത്തനാർക്കു. ശീമയാത്ര, പണപിരിവ് ഇവ സംബന്ധിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

364. കെ. കെ. ലൂക്കോസ് വക്കീലിന്. സിമ്മനാരിയുടെ കൈവശത്തെ സംബന്ധിച്ചു. മേടം 19-നു. പരുമല സിമ്മനാരി.

365. കെ. സി. ഈപ്പനു. പാസ്പോർട്ടിനെക്കുറിച്ചു. മേടം 21-നു. ടി സ്ഥലം.



പ. പൗലോസ് ഒന്നാമന്റെ കാതോലിക്കാ വാഴ്ചയ്ക്കു ശേഷം എടുത്ത ഫോട്ടോ. പ. പൗലോസ് ഒന്നാമൻ ബാവാ, പ. അബ്ദൽ മശിഹാ പാത്രിയർക്കീസ്, വട്ടശ്ശേരിൽ തിരുമേനി, മാർ ഈവാനിയോസ് (കരവട്ടുവീട്ടിൽ), ഗീവർഗീസ് മാർ പീലക്സിനോസ് (രണ്ടാം കാതോലിക്കാ), ഗീവർഗീസ് മാർ ഗ്രീഗോറിയോസ് (മൂന്നാം കാതോലിക്കാ).

366. മട്ടയ്ക്കൽ മല്പാനു. വർത്തമാനങ്ങൾക്കു. ടി തീയതി. ടി സ്ഥലം.

367. കൊച്ചുമെത്രാച്ചനു. വർത്തമാനങ്ങൾക്കു. മേടം 21-നു. ടി സ്ഥലം.

368. തിരുവല്ല, കല്ലൂപ്പാറ മുതലായ പള്ളിക്കാർക്കു. ശീമയാത്രയ്ക്കുള്ള പണപിരിവിന് മോടിശ്ശേരിൽ മത്തായി ശെമ്മാച്ചനെ പള്ളികളിലേക്കു അയക്കുന്നു എന്ന് മേടം 22-നു. ടി സ്ഥലം.

369. പഴഞ്ഞി പള്ളിക്കാർക്കു. ശീമയാത്രയെക്കുറിച്ച്. ടി തീയതി. ടി സ്ഥലം.

370. ചുങ്കത്തു വറീതു ഇയ്യുവിന്. ടി സംഗതി. ശീമയാത്രയ്ക്കുള്ള പണപ്പിരിവിന് ഉത്സാഹിക്കണമെന്ന്. ടി തീയതി. ടി സ്ഥലം.

371. ചെറിയമഠത്തിൽ സ്കറിയാ മല്പാനു. ശീമയാത്രയെക്കുറിച്ചും ഉടനെ വന്നുചേരണമെന്നും. ടി തീയതി. ടി സ്ഥലം.

372. ആർത്താറ്റു കുന്നംകുളം പള്ളിക്കാർക്കു. ശീമയാത്രയെയും അതിനുള്ള പണപിരിവിനെയും സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

373. തേരകത്തു ചെറിയാൻ മുതലാളിക്കു. ശീമയാത്രയെക്കുറിച്ചും പണപിരിവിനെ സംബന്ധിച്ചും. മേടം 24-നു. ടി സ്ഥലം.

374. പൂതക്കുഴിയിൽ അബ്രഹാം കത്തനാർ. ടി സംഗതികൾക്കും ഉടൻതന്നെ വന്നുചേരണമെന്നും. ടി തീയതി. ടി സ്ഥലം.

375. വടക്കേടത്തു ഗീവറുഗീസു കത്തനാർ. ശീമയാത്ര, പണപ്പിരിവ് ഇവയെ സംബന്ധിച്ച്. ടി തീയതി. ടി സ്ഥലം.

376. കരവട്ടുവീട്ടിൽ ശീമോൻ ശെമ്മാശന്. വർത്തമാനങ്ങൾക്ക്. ടി തീയതി. ടി സ്ഥലം.

377. മട്ടയ്ക്കൽ മല്പാനു. സിമ്മനാരി കൈവശത്തെക്കുറിച്ചും മറ്റും. ടി തീയതി. ടി സ്ഥലം.

378. തെങ്ങുംതറയിൽ ഗീവറുഗീസു കത്തനാർ. പത്തനംതിട്ട ... പത്രോസു മത്തായി പണം കൊടുത്ത് എഴുതിക്കുന്നതിനു (നാം ആവശ്യപ്പെടുമ്പോൾ വിട്ടുതന്നുകൊള്ളാമെന്നുള്ള കരാറിൽ) സമ്മതമാണെന്നും ശീമയാത്ര, പണപ്പിരിവ് ഇവയെക്കുറിച്ചും. മേടം 24-നു. പരുമല സിമ്മനാരി.

379. ഫാ. പി. റ്റി. ഗീവർഗീസ്. ശീമയാത്രയെക്കുറിച്ചും വെണ്ണിക്കുളത്തെ പണപ്പിരിവിനു വേണ്ട ശ്രമം ചെയ്യണമെന്നും മറ്റും. ടി തീയതി. ടി സ്ഥലം.

380. കിഴക്കേവീട്ടിൽ ഗീവറുഗീസു മുതലായി. ബാരിസ്റ്റർ ലൂക്കന്റെ മരണത്തിൽ കുടുംബത്തോടൊന്നിച്ച് സഹതാപം പ്രദർശിപ്പിച്ചും ആത്മാനുകൂലാർത്ഥം പ്രാർത്ഥിക്കുന്നു എന്നു രേഖപ്പെടുത്തിയും മറ്റും. ടി തീയതി. ടി സ്ഥലം.

സമ്പാദകൻ: ജോയ്സ് തോട്ടയ്ക്കാട്

ലേഖനം

മലങ്കര മല്പാൻ സ്ഥാനം

റ്റിബിൻ ചാക്കോ തേവർവേലിൽ

മൽപാൻ എന്ന സുറിയാനി പദത്തിന് ഗുരു, അദ്ധ്യാപകൻ എന്നൊക്കെ അർത്ഥമുണ്ടെങ്കിലും സുറിയാനി ഭാഷ പഠിപ്പിക്കുകയും വൈദിക പരിശീലനം നൽകുകയും ചെയ്യുന്നവർക്കാണ് മൽപാൻ എന്ന പദം പൊതുവേ ഉപയോഗിക്കുന്നത്. എന്നാൽ മലങ്കരസഭയിലെ ഗുരുക്കന്മാരും സഭയ്ക്ക് ഉന്നത സംഭാവനകൾ നൽകിയവരുമായ പ്രമുഖ വൈദികർക്ക് മലങ്കര മെത്രാപ്പോലീത്താ ഔദ്യോഗികമായി കൽപിച്ചു നൽകുന്ന ആദരസൂചക സ്ഥാനമാണ് 'മലങ്കര മൽപാൻ' സ്ഥാനം. 20-ാം നൂറ്റാണ്ടിനു മുൻപ് ഈ സ്ഥാനം അറിയപ്പെട്ടിരുന്നത് 'മലയാളത്തിനുടെ മൽപാൻ' എന്നായിരുന്നു.

ലത്തീൻ മിഷണറിമാർ കേരളത്തിൽ എത്തുന്നത് വരെ മലങ്കരയിൽ സെമിനാരികൾ ഉണ്ടായിരുന്നില്ല. പകരം വൈദിക പരിശീലനത്തിന് മൽപാൻ ഭവനങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ പ്രമുഖ സ്ഥാനം വഹിച്ചിരുന്ന മൽപാൻ ഭവനമായിരുന്നു കോനാട്ട് മൽപാൻ ഭവനം. കോനാട്ട് കുടുംബത്തിലെ ഏതാണ്ട് എല്ലാ മൽപാന്മാരും തന്നെ മലങ്കര മല്പാൻ സ്ഥാനം അലങ്കരിച്ചിരുന്നതായി രേഖകളുണ്ട്. കോനാട്ട് മൽപാൻമാരുടെ പാണ്ഡിത്യവും സഭാസേവനവും മുൻനിർത്തിയാവാം ഈ സ്ഥാനം പരമ്പരാഗതമായി കോനാട്ട് മല്പാൻമാർക്ക് ലഭ്യമായത്. മുൻഗാമിയുടെ 40-ാം അടിയന്തിരത്തിന്റെ അതേ ദിവസം പിൻഗാമിക്ക് മലങ്കര മെത്രാപ്പോലീത്താ പാമ്പാക്കുടയിലേക്ക് എഴുന്നള്ളി വന്ന് ഒരു സ്വർണ്ണ മോതിരം സമ്മാനിച്ച് ഈ സ്ഥാനം നൽകുകയായിരുന്നു പതിവ്.

പരമ്പരാഗത രീതിയിൽ നിന്ന് വ്യതിചലിച്ച ഒന്ന് രണ്ട് സന്ദർഭങ്ങൾ കോനാട്ട് മൽപാൻ പരമ്പരയിൽ കാണാം. ഗീവർഗീസ് മൽപാൻ (പിന്നീട് മാർ യൂലിയോസ്) മേൽപട്ടക്കാരനായി അഭിഷേകം ചെയ്യപ്പെടുകയും മുൻഗാമിയായ മലങ്കര മൽപാൻ അന്തരിക്കുന്നതിന് മുൻപ് തന്നെ കാലം ചെയ്യുകയും ചെയ്തതിനാൽ അദ്ദേഹത്തിന് മലങ്കര മല്പാൻ സ്ഥാനം നൽകാനായില്ല. അബ്രഹാം മൽപാൻ രണ്ടാമനു തന്റെ പിതാവിന്റെ നിര്യാണത്തിനു ശേഷം 35 വർഷങ്ങൾ കഴിഞ്ഞാണ് ഈ സ്ഥാനം നൽകിയത്. മുൻഗാമി അന്തരിച്ചപ്പോൾ അദ്ദേഹം നന്നേ ചെറുപ്പമായിരുന്നു (വൈദികപട്ടം ഏൽക്കുന്നതിനു പോലും മുൻപായിരുന്നു) എന്നതാണ് ഇതിന് കാരണം.

മലങ്കര മല്പാൻമാർ ഇന്ന് വരെ

കോനാട്ട് മൽപാൻ ഭവനത്തിന്റെ മാമലശേരി കാലഘട്ടത്തിലെ അവസാന മൽപാൻ ആയിരുന്ന ഗീവർഗീസ് മൽപാന്റെ ഇന്നും സൂക്ഷിച്ചിരിക്കുന്ന വിൽപത്രത്തിൽ മലങ്കര മല്പാൻ സ്ഥാനധാരികളായ കോനാട്ട് മൽപാൻമാരിൽ 17-ാമനാണ് താനെന്ന് അദ്ദേഹം രേഖപ്പെടുത്തിയിരിക്കുന്നു. അദ്ദേഹത്തിന്റെ മുമ്പുള്ള 16 മല്പാൻമാരിൽ തിരുവിതാംകോട് കബറടങ്ങിയിരിക്കുന്ന 15-ാമത് കോനാട്ട് യാക്കോബ് മല്പാൻ ഒഴികെ ആരുടെയും പേരുവിവരങ്ങളും കാലഘട്ടങ്ങളും ലഭ്യമല്ല.

അബ്രഹം മൽപാൻ ഒന്നാമൻ (1780-1865)

കോനാട്ട് മൽപാൻ പരമ്പരയിലെ 18-ാമത് മൽപാനും പാമ്പാക്കുട പ്രദേശത്തെ കോനാട്ട് മൽപാൻ കാലഘട്ടത്തിലെ ഒന്നാം മൽപാനുമായ അബ്രഹാം മൽപാൻ ഒന്നാമന് 1822-ൽ മലങ്കര മെത്രാപ്പോലീത്ത പുന്നത്ര മാർ ദിവന്നാസിയോസ് മലങ്കര മല്പാൻ സ്ഥാനം നൽകി. ഇദ്ദേഹമാണ് പാമ്പാക്കുട വലിയ പള്ളിയുടെയും പാമ്പാക്കുട മൽപാൻ ഭവനത്തിന്റെയും സ്ഥാപകൻ. 1865 ഒക്ടോബർ 28-ന് അന്തരിച്ചു.

യൂഹാനോൻ മൽപാൻ (1809-1890)

അബ്രഹാം മൽപാൻ ഒന്നാമന്റെ സഹോദര പുത്രനായ യൂഹാനോൻ മൽപാൻ, അബ്രാഹം മൽപാന്റെ പിൻഗാമിയും കോനാട്ട് കുടുംബത്തിലെ 19-ാമത് മൽപാനുമായി തെരെഞ്ഞെടുക്കപ്പെട്ടു. 1865-ൽ അദ്ദേഹം മലങ്കര മൽപാനായി അവരോധിക്കപ്പെട്ടു. 1886-ൽ വൈദികട്രസ്റ്റിയായി ചുമതലയേറ്റ ഇദ്ദേഹം



മലങ്കരസഭയിലെ ഗുരുക്കന്മാരും സഭയ്ക്ക് ഉന്നത സംഭാവനകൾ നൽകിയവരുമായ പ്രമുഖ വൈദികർക്ക് മലങ്കര മെത്രാപ്പോലീത്താ ഔദ്യോഗികമായി കൽപിച്ചു നൽകുന്ന ആദരസൂചക സ്ഥാനമാണ് 'മലങ്കര മൽപാൻ' സ്ഥാനം. 20-ാം നൂറ്റാണ്ടിനു മുൻപ് ഈ സ്ഥാനം അറിയപ്പെട്ടിരുന്നത് 'മലയാളത്തിനുടെ മൽപാൻ' എന്നായിരുന്നു.

കോനാട്ട് കുടുംബത്തിൽ നിന്നുള്ള ആദ്യ വൈദിക ട്രസ്റ്റിയാണ്. കോനാട്ട് യൂഹാനോൻ മൽപാൻ 1890 മാർച്ച് 9-ന് നിര്യാതനായി.

മാത്തൻ കോർഎപ്പിസ്കോപ്പാ (1860-1927)

യൂഹാനോൻ മല്പാന്റെ പിൻഗാമിയും 20-ാമത് കോനാട്ട് മൽപാനായിരുന്ന ഗീവർഗീസ് മൽപാൻ (മാർ യൂലിയോസ്) മുൻഗാമി ജീവിച്ചിരിക്കുമ്പോൾ തന്നെ കാലം ചെയ്തതിനാൽ മലങ്കര മല്പാൻ സ്ഥാനം അലങ്കരിച്ചില്ല. മാർ യൂലിയോസിന്റെ സഹോദരപുത്രൻ മാത്തൻ മല്പാനാണ് 21-ാമത്തെ കോനാട്ട് മൽപാനായത്. 1890 ഏപ്രിൽ 17-ന് പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ മാത്തൻ മല്പാന് മലങ്കര മല്പാൻ സ്ഥാനം നൽകി. അദ്ദേഹം 1927 നവംബർ 8 ന് നിര്യാതനായി.

അബ്രഹാം മൽപാൻ രണ്ടാമൻ (1908-1987)

മാത്തൻ മൽപാന്റെ ഏകപുത്രൻ അബ്രഹാം മൽപാൻ കോനാട്ട് കുടുംബത്തിലെ 22-ാമത്തെ മൽപാനായിരുന്നു. 1963 ജൂലൈ 3-ന് പരിശുദ്ധ ബസേലിയോസ് ഗീവർഗീസ് ദ്വിതിയൻ കാതോലിക്കാ ബാവാ അദ്ദേഹത്തിന് മലങ്കര മൽപാൻ സ്ഥാനം നൽകി. ഇദ്ദേഹം 1987 മാർച്ച് 2 ന് അന്തരിച്ചു.

ജോൺസ് ഏബ്രഹാം കശീശ

1956 മെയ് 3-ന് അബ്രഹാം രണ്ടാമന്റെ ഇളയ മകനായി ജനിച്ചു. പിതാവിൽ നിന്നും സുറിയാനി പഠനം ആരംഭിച്ച അദേഹം ഫാ. ഡോ. വി. സി. ശാമുവേൽ, ഞാർത്താങ്കൽ കോരുത് മൽപാൻ, പടുതോട്ടത്തിൽ അബ്രഹാം മൽപാൻ തുടങ്ങിയവരുടെ ശിഷ്യനായി പഠനം തുടർന്നു.

പഴയസെമിനാരിയിൽ നിന്ന് വേദശാസ്ത്ര പഠനം പൂർത്തിയാക്കിയ അദ്ദേഹം ബെൽജിയം കാത്തലിക് യൂണിവേഴ്സിറ്റി ഓഫ് ലൂവെയ്ൻ ലാ നൂവിൽ നിന്ന് സുറിയാനി പിതാക്കന്മാരെ പറ്റിയുള്ള ഗവേഷണത്തിന് ഡോക്ടറേറ്റ് കരസ്ഥമാക്കി. 1985 സെപ്തംബർ 29-ന് കണ്ടനാട് മെത്രാപ്പോലീത്താ ജോസഫ് മാർ പക്കോമിയോസ് തിരുമേനിയിൽ നിന്നും കശീശാ സ്ഥാനം സ്വീകരിച്ചു. ഇദ്ദേഹം

2007 മുതൽ 2017 വരെയുള്ള കാലയളവിൽ വൈദികട്രസ്റ്റിയായി ചുമതല വഹിച്ചു. മലങ്കര സഭയുടെ അഭിമാനമായ ജോൺസ് അച്ചന് മലങ്കര മല്പാൻ സ്ഥാനം നൽകുന്നതിന് 2024 ഫെബ്രുവരിയിൽ കൂടിയ പ സുന്നഹദോസ് തീരുമാനിച്ചു.

ലഭ്യമായ ചരിത്രമനുസരിച്ച് കോനാട്ട് കുടുംബത്തിന് പുറത്ത് മലങ്കര മല്പാൻ സ്ഥാനം ലഭ്യമായത് രണ്ട് വൈദികർക്ക് മാത്രമാണ്

വട്ടശേരിൽ ഗീവർഗീസ് മൽപാൻ (ഗീവർഗീസ് മാർ ദിവന്നാസ്യോസ്, 1858-1934)



വട്ടശേരിൽ മൽപാന്റെ പാണ്ഡിത്യവും വട്ടശേരിൽ മൽപാൻ രചിച്ച 'മത സംഗതി' എന്ന കൃതിയുടെ പ്രാധാന്യവും കണക്കിലെടുത്ത് ഗീവർഗീസ് മൽപാന് 1892-ൽ മലങ്കര മൽപാൻ സ്ഥാനം നൽകി. പതിവിനു വിപരീതമായി പ. പത്രോസ് തൃതിയൻ പാത്രിയർക്കീസാണ് വട്ടശേരിൽ മൽപാന് ഈ സ്ഥാനം നൽകിയത്.


1908-ൽ മെത്രാപ്പോലീത്താ സ്ഥാനം പ്രാപിച്ച ഇദ്ദേഹം 1934 ഫെബ്രുവരി 23-ന് കാലം ചെയ്തു. 2003-ൽ പ. സഭ ഇദ്ദേഹത്തെ പരിശുദ്ധനായി പ്രഖ്യാപിച്ചു.

ഞാർത്താങ്കൽ കോരുത് മൽപാൻ (1914-2001)

സുറിയാനിപണ്ഡിതനും പഴയ സെമിനാരിയിലെ സുറിയാനി മല്പാനുമായിരുന്ന കോരുത് മല്പാന്റെ ജീവിത വിശുദ്ധിയും, പാണ്ഡിത്യവും കണക്കിലെടുത്ത് അദ്ദേഹത്തിന്റെ പൗരോഹിത്യ സുവർണ ജൂബിലി ആഘോഷിച്ച അവസരത്തിൽ 1993 നവംബർ 28 ന് വടവുകോട് വെച്ച് പ ബസേലിയോസ് മാർത്തോമാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ കോരുത് മൽപാന് മലങ്കര മല്പാൻ സ്ഥാനം നൽകി ആദരിച്ചു. 2001 ഡിസംബർ 23-ന് അദ്ദേഹം അന്തരിച്ചു. കോരുത് മല്പാന്റെ ജാമാതാവാണ് ഫാ. ജോൺസ് എബ്രഹാം കോനാട്ട്.





ഓർമ്മചിത്രങ്ങൾ



പ. ഗീവർഗീസ് രണ്ടാമന്റെ കാതോലിക്കാ വാഴ്ചയ്ക്കു ശേഷം എടുത്ത ഫോട്ടോ. പാമ്പാടി തിരുമേനി, വട്ടശ്ശേരിൽ തിരുമേനി, മാർ ഈവാനിയോസ് (ബഥനി), മാർ തെയോഫിലോസ് (ബഥനി).

കാതോലിക്കാ സിംഹാസനം

"നമ്മുടെ സഭയുടെ നിലനിൽപിനും ക്ഷേമത്തിനും മേൽഗതിക്കും ഒഴിച്ചുകൂടാത്ത അത്യാവശ്യമെന്നു നിങ്ങളിൽ പലരും നമ്മോടു കൂടി പരമാർത്ഥമായി വിശ്വസിക്കുന്നതും ഇതേവരേയായി പല പ്രയാസങ്ങൾ സഹിച്ചു നാമെല്ലാവരും സംരക്ഷിച്ചുകൊണ്ടിരിക്കുന്നതുമായ കാതോലിക്കാ സ്ഥാപനത്തെ പുലർത്തിക്കൊണ്ടുപോകാനുള്ള ചുമതലയും നാം നിങ്ങളിൽ ഓരോരുത്തരിലും സമർപ്പിച്ചുകൊള്ളുന്നു."

- പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

എഫ്. എസ്. നരിമാന് അശ്രുപൂജ

മലങ്കരസഭാ കേസിൽ അഭിഭാഷകനായി നരിമാനെത്തിയ കഥ

മനോരമ പത്രാധിപരും മലങ്കരസഭാ വർക്കിംഗ് കമ്മിറ്റിയംഗവുമായിരുന്ന കെ. എം. മാത്യു വിവരിക്കുന്നു:

സമുദായത്തിൽ സമാധാനത്തിന്റെ കാലമായതുകൊണ്ടു മനോരമ മുഖ്യ പത്രാധിപരായിരുന്ന കാലത്ത് ഉണ്ണൂണ്ണിച്ചായനും (കെ. എം. ചെറിയാൻ) സമാധാനമുണ്ടായിരുന്നു. സമാധാനപ്രിയനായതു കൊണ്ട്, സമുദായത്തിൽ സമാധാനം പുനഃസ്ഥാപിക്കുന്ന കാര്യത്തിൽ സജീവമായി പങ്കാളിയാവാനും ഉണ്ണൂണ്ണിച്ചായനു സാധിച്ചു. തന്റെ അവസാന കാലത്ത്, സഭ വീണ്ടും രണ്ടായതിലുള്ള ഖേദത്തോടെയാണ് ഉണ്ണൂണ്ണിച്ചായൻ കണ്ണടച്ചത്. ഉണ്ണൂണ്ണിച്ചായനു ശേഷം ഞാൻ മനോരമയുടെ മുഖ്യ ചുമതല ഏറ്റെടുത്തതോടെ, ഒരു പ്രത്യേക സാഹചര്യത്തിലാണ് എനിക്ക് സമുദായക്കേസുകളിൽ ഇടപെടേണ്ടി വന്നത്. പല സിവിൽ കേസുകൾ വിവിധ കോടതികളിലുണ്ടായിരുന്ന സമയമായിരുന്നുവല്ലോ അത്. സമുദായ ട്രസ്റ്റിയെന്ന നിലയ്ക്കു മലങ്കര ഓർത്തഡോക്സ് സഭയ്ക്കു വേണ്ടി കേസുകൾ നടത്താനുള്ള ചുമതല അക്കാലത്ത് ഉപ്പൂട്ടിൽ കുഞ്ഞച്ചനായിരുന്നു. കുഞ്ഞച്ചൻ എന്നോടു വന്നു പറഞ്ഞു:

“ഇങ്ങനെ പല കോടതികളിൽ കേസു നടത്താൻ നല്ല ബുദ്ധിമുട്ടുണ്ട്. എല്ലാ കേസുകളും ഒരു കോടതിയിൽ കൊണ്ടുവന്നാൽ നമുക്ക് ഭംഗിയായി നടത്താം.”

കേസുകളുടെ വിവരങ്ങളെല്ലാം കാണിച്ച്, ഒറ്റ കോടതിയിലേക്ക് അതെല്ലാം മാറ്റണമെന്ന ആവശ്യവുമായി ഒരു നിവേദനം ബന്ധപ്പെട്ടവർക്കു നൽകി. തുടർന്നു കേസുകളെല്ലാം ഒരു ജില്ലാ ജഡ്ജിയുടെ കീഴിലാവുകയും ചെയ്തു. ജില്ലാ ജഡ്ജിയുടെ കോടതിയിൽ എട്ടു കേസുകളുടെ വാദം കഴിഞ്ഞപ്പോൾ ഹൈക്കോടതിയിൽ ജസ്റ്റിസ് ടി. ചന്ദ്രശേഖര മേനോന്റെ ബെഞ്ചിൽ വാദത്തിനു സമയമായിക്കഴിഞ്ഞിരുന്നു. വിധി ഞങ്ങളുടെ സഭയ്ക്കു ഗുണകരമായില്ല.

കേസിന്റെ ഈ ഘട്ടം വരെ ഞാനതിൽ ഉൾപ്പെട്ടിരുന്നില്ല. കേസിനെപ്പറ്റി വലിയ ഗ്രാഹ്യവുമുണ്ടായിരുന്നില്ല. അക്കാലത്തൊരു ദിവസം, അന്നത്തെ കാതോലിക്കാ ബാവാ, പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ (വട്ടക്കുന്നേൽ തിരുമേനി) എന്നെ വിളിപ്പിച്ചു പറഞ്ഞു:

“പ്രഗത്ഭ വക്കീലായ ഫാലി എസ്. നരിമാൻ മാത്തുക്കുട്ടിയുടെ സുഹൃത്താണെന്ന് എനിക്കറിയാം. ഇനിയങ്ങോട്ടു ഡിവിഷൻ ബെഞ്ചിലേക്കുള്ള കേസ് വാദിക്കാൻ നമുക്കു വേണ്ടി നരിമാനെ മാത്തുക്കുട്ടി ഹൈക്കോടതിയിൽ കൊണ്ടുവരണം. വളരെ എളുപ്പമുള്ള കേസാണു നമ്മുടേത്. ‘റെസ്ജൂഡിക്കേറ്റ്’യെ (വാദം കേട്ട ശേഷം അവസാനമായ തീർപ്പുകൽപ്പിക്കൽ) മുൻനിർത്തി രണ്ടോ മൂന്നോ മണിക്കൂർ നരിമാൻ ഹൈക്കോടതിയിൽ വാദിച്ചാൽ കേസ് നമുക്കു ജയിക്കാമെന്ന് എനിക്കുറപ്പുണ്ട്.

അപ്പോഴേക്കും കേസ് കേരള ഹൈക്കോടതി ഡിവിഷൻ ബെഞ്ചിനു മുന്നിലെത്തിക്കഴിഞ്ഞിരുന്നു. ഞങ്ങൾക്കു വേണ്ടിയുള്ള വാദങ്ങൾക്ക് അതു വരെ നേതൃത്വം നൽകിയിരുന്ന പ്രഗത്ഭ അഭിഭാഷകനായ അഡ്വ. എസ്. നാരായണൻ പോറ്റിക്കു ഹൈക്കോടതി ഡിവിഷൻ ബെഞ്ചിനു മുന്നിൽ വാദിക്കാൻ പറ്റാത്ത സാഹചര്യവുമുണ്ടായി. പക്ഷേ, ഇന്ത്യയിലെ ഏറ്റവും വലിയ വക്കീലായ നരിമാൻ ഞങ്ങൾക്കു വേണ്ടി ഹൈക്കോടതിയിലെത്തി വാദിക്കുമോ? എന്തായാലും വട്ടക്കുന്നേൽ തിരുമേനി ആവശ്യപ്പെട്ടതല്ലേ. നരിമാനെ കണ്ടു കളയാം. ബേബി (കെ. എം. മാമ്മൻ മാപ്പിള) യുമായി നരിമാൻ വലിയ അടുപ്പത്തിലാണ്. എം.ആർ. എഫിന്റെ കേസുകളൊക്കെ വാദിക്കുന്നതു നരിമാനാണ്.

നേരത്തേ ബേബിയുടെ കൂടെ അദ്ദേഹം കോട്ടയത്തെത്തിയപ്പോൾ വേമ്പനാട്ടു കായലിൽ ബോട്ടിങ്ങിനൊക്കെ കൊണ്ടുപോയതു ഞാനാണ്. ഞാനും സമുദായക്കേസുകൾ നോക്കുന്ന അഡ്വ. എം. ഏബ്രഹാമും കൂടി നരിമാന്റെ ഡൽഹിയിലെ വീട്ടിലെത്തി. ഞാൻ തമാശപോലെ അദ്ദേഹത്തോടു ചോദിച്ചു:



“ഞാനൊരു ആവശ്യം പറയാൻ പോവുന്നു. അതു സാധിച്ചു തരുമെന്നു വാക്കു തരണം.”

“ഞാൻ ആർക്കും മുൻകൂർ വാക്ക് കൊടുക്കാറില്ല. എങ്കിലും മാത്യു ചോദിച്ചതല്ലേ. വാക്കു തരാം. കാര്യം പറയൂ...”

“ഞങ്ങളുടെ സഭയ്ക്കു ഹൈക്കോടതിയിൽ ഒരു കേസുണ്ട്. ’റെസ്ജൂഡിക്കേറ്റ’യെ മുൻനിർത്തി കുറച്ചു സമയം വാദിച്ചാൽ മതി. ജയിക്കുമെന്നു ഞങ്ങൾക്ക് ഉറപ്പുണ്ട്.”

ഹൈക്കോടതി എന്നു കേട്ടതും നരിമാന്റെ മുഖം മാറി. ഒരു തരം താഴ്ത്തൽ കേട്ടതുപോലെ.

“ഹൈക്കോടതി... അതു ബുദ്ധിമുട്ടായിരിക്കും.”

“ഫാലി... അങ്ങനെ പറയരുത്. താങ്കൾ എനിക്കു വാക്കു തന്നതാണ്. ആ വാക്കു മാറ്ററുത്.”

നരിമാന്റെ ഫാലി എന്ന വിളിപ്പേര് ഉപയോഗിക്കാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നു, എനിക്ക്. എന്റെ തമാശ കേട്ട് അദ്ദേഹം ചിരിച്ചു. നരിമാൻ സമ്മതിച്ചു. കൂടുതലൊന്നും പറയാതെ ഞങ്ങൾ തിരിച്ചു വന്നു.

അതു കഴിഞ്ഞ് അധികം വൈകാതെ നരിമാൻ ബോംബെയിൽ നിന്ന് എന്നെ വിളിച്ചു.

“മാത്യു, ഞാൻ വരുന്ന തിങ്കളാഴ്ചയും ചൊവ്വാഴ്ചയും ബോംബെയിലുണ്ട് അങ്ങോട്ടു വക്കീലുമായി വരണം.”

ഞാനും സഭയുടെ അത്മായ ട്രസ്റ്റി പി. സി. ഏബ്രഹാം പടിഞ്ഞാറേക്കരയും സമുദായക്കേസുകളുടെ ചുമതലയുള്ള വക്കീൽ കെ. ജോർജും ചേർന്നാണു ബോംബെയിൽ നരിമാനെ കാണാൻ പോയത്. എല്ലാം ശ്രദ്ധയോടെ കേട്ട ശേഷം നരിമാൻ പറഞ്ഞു:

“റെസ്ജൂഡിക്കേറ്റ കൊണ്ടു മാത്രം കേസ് വാദിക്കാമെന്നു തോന്നുന്നില്ല.

അതു മാത്രം പറഞ്ഞാൽ നിങ്ങൾ ജയിക്കാനുള്ള സാധ്യത ഒരു ശതമാനം മാത്രം! മുഴുവൻ കേസും വാദിക്കേണ്ടി വരും."

കേസ് വാദിക്കുമ്പോൾ കക്ഷികളാരെങ്കിലും കൂടെ ഇരിക്കണമെന്ന് നരിമാന് നിർബന്ധമായിരുന്നു. പി.സി. ഏബ്രഹാം പടിഞ്ഞാറേക്കരയും ഞാനും വക്കീലന്മാരായ സി. ടി. ജോസഫും കെ. ജോർജും മാസങ്ങളോളം നരിമാനോടൊപ്പമുണ്ടായിരുന്നു (കൗതുകകരമായ മറ്റൊരു നിർബന്ധത്തെക്കുറിച്ചു കൂടി പറയട്ടെ. ഹൈക്കോടതിയിൽ നരിമാന്റെ വാദം തീരുന്ന ദിവസങ്ങളിലൊക്കെ ബോംബെയ്ക്കും ഡൽഹിക്കുമുള്ള വിമാന ടിക്കറ്റുകൾ കയ്യിൽ കിട്ടിയാലേ അദ്ദേഹം കോടതിയിലേക്കു വാദിക്കാനിറങ്ങിയിരുന്നുള്ളൂ. തിരിച്ചു പോവേണ്ടതു ബോംബെയ്ക്കോ ഡൽഹിക്കോ എന്ന് അദ്ദേഹം തീരുമാനിക്കുന്നതു പിന്നീടു മാത്രം!)

മൂന്നു മണിക്കൂർ മതിയെന്ന് ആദ്യം കരുതി, നരിമാനെ ഹൈക്കോടതിയിലെത്തിച്ച ഞങ്ങളുടെ കണക്കുകൂട്ടൽ എത്ര അബദ്ധമായിരുന്നു! മൂന്നാഴ്ചയാണ് അദ്ദേഹം വാദിച്ചത്. ജയിക്കുകയും ചെയ്തു. തുടർന്നു പാത്രിയർക്കീസ് വിഭാഗം അപ്പീലുമായി സുപ്രീംകോടതിയിലെത്തി. ഹൈക്കോടതി ഡിവിഷൻ ബെഞ്ചിന്റെ വിധിക്കെതിരെ പാത്രിയർക്കീസ് വിഭാഗം നൽകിയ അപ്പീലിൽ 1995 ജൂൺ ഇരുപതിനു സുപ്രീംകോടതി വിധി പ്രസ്താവിച്ചു, 1934-ലെ ഭരണഘടന ഇടവകപ്പള്ളികൾക്കു ബാധകമാണെന്ന്. കാതോലിക്കായെ മുടക്കിയ പാത്രിയർക്കീസിന്റെ നടപടി അസാധുവാണെന്നും കോടതി പ്രഖ്യാപിച്ചു. ഞാനതൊന്നും ഇവിടെ വിശദീകരിക്കുന്നില്ല. ജയങ്ങളിലൂടെയും പരാജയങ്ങളിലൂടെയും സമുദായക്കേസ് നീണ്ടു...

വിജയം നേടിത്തന്നപ്പോൾ നരിമാൻ ഞങ്ങളോട് ഉറപ്പിച്ചു പറഞ്ഞിരുന്നു, "ഈ വിജയത്തിൽ മഹാമനസ്കരാവുക" എന്ന്!

(കെ. എം. മാത്യുവിന്റെ 'എട്ടാമത്തെ മോതിരം' എന്ന ആത്മകഥയിൽ നിന്ന്)



Delegates from Malanakara Orthodox Church attended the Funeral Ceremony of Learned Counsel Late F. S. Nariman at Parsi Aramgarh Cemetry, Khan Market, New Delhi, offered prayers and handovered the condolence message of H. H. Baselios Marthoma Mathews III to his beloved son Retd. Justice and Former Solicitor General of India Rohinton Fali Nariman and consoled the bereaved family.

Fr. Shaji Mathew (Vicar, St. Mary's Orthodox Church, Faridabad), Fr. Shoban Baby (Vicar, St. Mary's Orthodox Cathedral, Hauz Khas), Fr. Binu B. Thomas (Vicar, St. Joseph's Orthodox Church, Tughlakabad).





ഫാ. ഡോ. കെ. എം. ജോർജിന്റെ 50 പെയിന്റിംഗുകളുടെ പ്രദർശനം സിനാപ്സ് - 77 ഡോ. യൂഹാനോൻ മാർ ദീയസ്ക്കോറോസ് സന്ദർശിച്ചു.

സഭ ദൈവത്തിന്റെ വക

പ. വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ്

"നമ്മുടെ സഭ ദൈവത്തിന്റെ വകയാണെന്നും അതു ഒരിക്കലും നശിച്ചുപോകാൻ ഇടയില്ലെന്നും നിങ്ങൾക്കു നല്ലപോലെ വിശ്വാസം ഉണ്ടായിരിക്കേണ്ടതാണ്."

"സഭ ദൈവത്തിന്റെ സ്വന്തമാണെന്നും അതിൽ സ്വാഭിപ്രായം നട്ടു വളർത്താൻ ആർക്കും ദൈവം അവകാശം നൽകിയിട്ടില്ലെന്നും എല്ലാവരും ധരിച്ചിരിക്കേണ്ടതാണ്."